# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാനൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/1083/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാനൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാനൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാനൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-16,1-20,1-23,1-24,1-37,1-43,1-58 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1-സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം (ഇമെയിൽ)
2-ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(എയിംസിൽ)
3-ഡയറക്ടർ,നഗരകാര്യവകുപ്പ് ,തിരുവനന്തപുരം (ഇമെയിൽ)
4-റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യം,കോഴിക്കോട് (ഇമെയിൽ)

5-കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/1083/22 തീയ്യതി: 30/07/2022

## കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-09-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതവാണി. എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷൈമ കുമാരി. എസ്.എൽ (ഓഡിറ്റ് ഓഫീസർ)
ശ്രീ. ഷഹീൻ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമതി. ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രമ്യ. ടി, ഓഡിറ്റർ
ശ്രീ. പ്രത്യുഷ്. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുവർണ്ണ .ഇ.കെ | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| ശ്രീ വി.നാസർ മാസ്റ്റർ | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ.കെ.ജി.രവീന്ദ്രൻ | സെക്രട്ടറി | 01-04-2020 | 23-01-2021 |
| ശ്രീ.പി.രാജഗോപാൽ | സെക്രട്ടറി | 24-01-2021 | 02-02-2021 |
| ശ്രീ.കെ.അഭിലാഷ് | സെക്രട്ടറി | 03-02-2021 | 15-03-2021 |
| ശ്രീ.ടി.ചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-03-2021 | 28-03-2021 |
| ശ്രീ.കെ.അഭിലാഷ് | സെക്രട്ടറി | 29-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീന | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അനിൽകുമാർ.സി | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.അനിൽകുമാർ.ഐ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.ഷാഹിന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ജിബിൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 23-01-2021 |
| ഡോ.ഹെലീന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 24-01-2021 | 31-03-2021 |
| ശ്രീമതി.ശ്യാമള.കെ.ആർ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈന.കെ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.കെ.കെ.രാജൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ.സി. | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 08-02-2021 |
| ശ്രീ.മജീദ്.വി.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 09-02-2021 | 10-02-2021 |
| ശ്രീ.ചന്ദ്രൻ.ടി | ഹെൽത്ത് ഇൻസ്പെക്ടർ | 11-02-2021 | 31-03-2021 |

12.11.2020 മുതൽ 27.12.2020 വരെ കാലയളവിൽ ശ്രീ. കെ.ജി. രവീന്ദ്രൻ, സെക്രട്ടറി, ശ്രീ. കെ.കെ. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി ഉമ കെ.എൻ, സി.ഡി.പി.ഒ എന്നിവരടങ്ങിയ ഭരണ

നിർവ്വഹണ കമ്മിറ്റിയാണ് നിലവിലുണ്ടായിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 29-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-4 |
| 6 | വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച 1.77 കോടി പാഴായി<br>Written By: Lathavani (Audit Officer, On 26-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-4-1 |
| 7 | നിഷ്ക്രിയമായ/വിനിയോഗിക്കാത്ത 91.88 ലക്ഷം തുക ചെലവാക്കാൻ സാധ്യതയില്ലാത്ത പക്ഷം തിരിച്ചടക്കേണ്ടത്<br>Written By: Lathavani (Audit Officer, On 26-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-4-2 |
| 8 | ഗ്രാന്റ് ഫോർ പ്രോജക്ട്സ് ₹1,60,60,000-വിവരം ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 26-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-4-3 |
| 9 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-5 |
| 10 | റദ്ദായ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 27-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-5-1 |
| 11 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി AUEGS<br>Written By: Shyma Kumari S.L (Audit Officer, On 23-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 1-7 |
| 13 | സാമൂഹ്യ സുരക്ഷ പെൻഷൻ- മരണ ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നു<br>Written By: PRATHYOOSH S (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-7-1 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 27-07-2022) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-9 |
| 16 | വാർഡ് സഭ<br>Written By: Lathavani (Audit Officer, On 25-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-10 |

| | | |
|---|---|---|
| 17 | പൗരാവകാശ രേഖ-പ്രസിദ്ധീകരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Lathavani (Audit Officer, On 25-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-11 |
| 18 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Lathavani (Audit Officer, On 25-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-12 |
| 19 | കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 25-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-13 |
| 20 | നഗരസഭാ കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം<br>Written By: Shyma Kumari S.L (Audit Officer, On 23-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-14 |
| 21 | അനധികൃത നിർമ്മാണം -ജിഐഎസ് മാപ്പിംഗ് സൈറ്റിലെ വിവരങ്ങൾ പരിശോധിക്കേണ്ടതാണ്.<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-15 |
| 22 | ജിഐഎസ് മാപ്പിംഗ് സൈറ്റ്-സഞ്ചയയിലെ വ്യത്യാസം പരിശോധിക്കേണ്ടതാണ്<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-16 |
| 23 | ടെലഫോൺ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-17 |
| 24 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകങ്ങൾ<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-18 |
| 25 | കുടിശിക ഈടാക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-19 |
| 26 | നഗരസഭ സമ്പൂർണ്ണ വിവരശേഖരണം/വസ്തു നികുതി പരിഷ്കരണം അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-20 |
| 27 | തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതും നികുതി ശരിയായി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുമാണ്.<br>Written By: PRATHYOOSH S (Auditor, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 26-07-2022) | 1-21 |
| 28 | നഗരസഭയുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-22 |
| 29 | ലേലം - 11,86062 രൂപ വരവിൽ കുറവ്. നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-23 |
| 30 | നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ,പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകതകൾ<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-24 |

| | | |
|---|---|---|
| 31 | വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Remya T (Auditor, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-25 |
| 32 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ആർജ്ജിത അവധിവേതനം അധികം നൽകി ₹4166 തിരികെ ഈടാക്കേണ്ടതാണ്<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-26 |
| 33 | മാലിന്യ നിർമ്മാർജനം ആദായ നികുതി ഈടാക്കിയിട്ടില്ല. 1237.50 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 1-27 |
| 34 | ടെക്നിക്കൽ അസിസ്റ്റന്റ് - ആർജ്ജിത അവധി വേതനം അധികം നൽകിയ 3642 രൂപ നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-28 |
| 35 | കലക്ടേഴ്സ് അറ്റ് സ്കൂൾ സ്ഥാപിച്ചതിലെ അപാകങ്ങൾ. 21677 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-29 |
| 36 | പങ്കാളിത്ത പെൻഷൻ വിഹിതം കുറഞ്ഞ നിരക്കിൽ ഈടാക്കിയത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-30 |
| 37 | ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പൊതു അവധി ദിവസങ്ങളിൽ വേതനം അനുവദിക്കുന്നത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-31 |
| 38 | ദിവസവേതനം അധികം നൽകിയത് 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-32 |
| 39 | മുൻകൂർ ക്രമീകരിക്കാത്തത്<br>Written By: Lathavani (Audit Officer, On 26-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-33 |
| 40 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടത്<br>Written By: Lathavani (Audit Officer, On 27-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-34 |
| 41 | വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തിയിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-35 |
| 42 | പെൻഷൻ ഫണ്ട്- അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-36 |
| 43 | തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-37 |
| 44 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-38 |

| | | |
|---|---|---|
| 45 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-₹858954 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-39 |
| 46 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കലും സ്ഥാപിക്കലും രേഖകൾ ഹാജരാക്കിയിട്ടില്ല- ₹847534യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 25-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-40 |
| 47 | തെരുവ് വിളക്ക് ലൈൻ വലിക്കൽ- വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-₹186912 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-41 |
| 48 | ശുചീകരണ ആവശ്യങ്ങൾക്ക് വാഹനം വാങ്ങൽ - അപാകത<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-42 |
| 49 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - ₹1405831 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-43 |
| 50 | നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി- രേഖകൾ ഹാജരാക്കിയിട്ടില്ല-₹73040യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-44 |
| 51 | വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല ₹ 18,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-45 |
| 52 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതപ്പെട്ട ആനുകൂല്യം നൽകിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-46 |
| 53 | എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല-₹353977 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-47 |
| 54 | എസ്.സി വിഭാഗത്തിൽ പെട്ട എൽ.പി,യു.പി വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം - ₹149910 തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-48 |
| 55 | വീട് വാസയോഗ്യമാക്കൽ (എസ്.സി)- രേഖകൾ ഹാജരാക്കിയിട്ടില്ല-₹10,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-49 |
| 56 | 0.1% ടെണ്ടർ ബിലോ കുറവ് വരുത്തിയിട്ടില്ല.300 രൂപയുടെ നഷ്ടം<br>Written By: Shyma Kumari S.L (Audit Officer, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-50 |

| | | |
|---|---|---|
| 57 | ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയുടെ 18% ജിഎസ് ടി തുക ഈടാക്കി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 23-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-51 |
| 58 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-52 |
| 59 | സുഭിക്ഷ കേരളം കുടുംബശ്രീ കിഴങ്ങ് വർഗ്ഗ കൃഷിക്ക് ആനുകൂല്യം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക 51000 /- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-53 |
| 60 | സുഭിക്ഷ കേരളം കുടുംബശ്രീ കിഴങ്ങ് വർഗ്ഗ കൃഷിക്ക് ആനുകൂല്യം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹101360 തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-54 |
| 61 | പയർ വർഗ്ഗ ചെടികളുടെ വിത്ത് വിതരണം- രേഖകളുടെ അഭാവത്തിൽ ചെലവ് ₹ 18500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-55 |
| 62 | ഭവന നവീകരണം - വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല - ₹700000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-56 |
| 63 | ഭവന നവീകരണം- തനത് ഫണ്ട് ചെലവിലെ വ്യത്യാസം വ്യക്തമാക്കിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-57 |
| 64 | ഹെൽത്ത് ഇൻസ്പെക്ടർ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല ₹881474യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 1-58 |
| 65 | കിച്ചൺ ബിൻ - വിതരണ വിവരം,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല -₹78310യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-59 |
| 66 | ആയുർവേദ ഡിസ്പെൻസറികൾക്ക് കമ്പ്യൂട്ടർ,പ്രിന്റർ വാങ്ങൽ-അധികം നൽകിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച്<br>Written By: PRATHYOOSH S (Auditor, On 23-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-60 |
| 67 | ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ വാങ്ങൽ-cprcs സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്നിവയൊന്നും പാലിച്ചിട്ടില്ല<br>Written By: PRATHYOOSH S (Auditor, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-61 |
| 68 | തുടർ സാക്ഷരത- തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കാത്തത്<br>Written By: Usha.A (Asst. Audit Officer, On 24-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 30-07-2022) | 1-62 |
| ഭാഗം **2** | | |
| --- No Records Found --- | | |

| ഭാഗം **3** | | |
|---|---|---|
| 1 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആർജ്ജിത അവധിവേതനം അധികം നൽകി 4166 രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Lathavani (Audit Officer, On 27-07-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-07-2022) | 3-1 |
| 2 | ടെക്കനിക്കൽ അസിസ്റ്റന്റ് ആർജിത അവധിവേതനം അധികം നൽകിയ 3642 രൂപ നിരാകരിക്കുന്നു.<br>Written By: Lathavani (Audit Officer, On 27-07-2022)<br>Last Updated By: Lathavani (Audit Officer, On 27-07-2022) | 3-2 |
| 3 | ദിവസവേതനം അധികം നൽകിയത് 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Lathavani (Audit Officer, On 27-07-2022)<br>Last Updated By: Lathavani (Audit Officer, On 27-07-2022) | 3-3 |
| 4 | 0.1% ടെണ്ടർ ബിലോ കുറവ് വരുത്തിയിട്ടില്ല.300 രൂപയുടെ നഷ്ടം<br>Written By: Lathavani (Audit Officer, On 27-07-2022)<br>Last Updated By: Lathavani (Audit Officer, On 27-07-2022) | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 24-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sumathi.T.O (Auditor, On 23-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 24-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 24-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 24-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 24-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Lathavani (Audit Officer, On 24-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 26-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 24-07-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-07-2022) | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| ഭരണ സമിതി തീരുമാനം & തിയ്യതി | 1/20 Dt 24.3.2020 | ഭരണ സമിതി തീരുമാനം & തിയ്യതി | * |
| മുന്നിരിപ്പ് | 50815210 | മുന്നിരിപ്പ് | 36689882 |
| വരവ് | 783067599 | വരവ് | 346448255 |
| ആകെ | 833882809 | ആകെ | 383138137 |
| ചെലവ് | 795615969 | ചെലവ് | 341228228 |
| നീക്കിയിരിപ്പ് | 38266840 | നീക്കിയിരിപ്പ് | 41909909 |

*ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 9/2/2021 ന് പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി മിനുട്ട്സിൽ 29/01/2021ന് ശേഷം അജണ്ട, തീരുമാനം ഒന്നും രേഖപ്പെടുത്തിയിട്ടില്ല. 15.02.2021ൽ ഭരണസമിതി യോഗം ചേർന്ന് പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും, യോഗങ്ങൾ സകർമ്മയിലേയ്ക്ക് മാറ്റുന്നതിനാലാണ് തീരുമാനം രേഖപ്പെടുത്തുന്നതിന് താമസം ഉണ്ടായത് എന്നുമാണ് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (2/13.7.2022) മറുപടി നൽകിയത്. മിക്ക ഭരണസമിതി യോഗങ്ങളുടെയും മിനുട്ട്സ് തീരുമാനങ്ങൾ അധ്യക്ഷൻ സാക്ഷ്യപ്പെടുത്തുന്നില്ല. ഭരണസമിതി മിനുട്ട്സ് കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതും പുതുക്കിയ ബജറ്റ് അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പാനൂർ നഗരസഭ കൗൺസിലിന്റെ 30.07.2021 അജണ്ട 3 തീരുമാനം 1/2021 പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 30.7.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1- മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2- ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3- താഴെ പറയുന്ന വരവിനങ്ങളുടെ കണക്കുകൾ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ ഉണ്ട്. വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്റർ സംക്ഷിപ്തം ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ഇനം | ഡിമാൻഡ്(ഇൻകം & എക്സ്പെന്റിച്ചർ ഷെഡ്യൂൾ പ്രകാരം) | കളക്ഷൻ | നീക്കിയിരിപ്പ് ഉണ്ടായിരിക്കേണ്ടത് | നീക്കിയിരിപ്പ് (AFS പ്രകാരം) (B-15) | വ്യത്യാസം |
|---|---|---|---|---|---|
| വസ്തു നികുതി-കറണ്ട് | 8566850 | 5858450 (RP37) | 2708400 | 2710287 | 1887 |
| തൊഴിൽ നികുതി-ജീവനക്കാർ | 3179892 | 3102142 (RP1) | 77750 | ഇല്ല | 77750 |
| ലൈസൻസ് ഫീസ് -കറണ്ട് | 1013000 | 873413 (2020-21 RP37 | 139587 | 827010 | 687423 |

| | | | | | |
|---|---|---|---|---|---|
| | | -185990 2019-20 RP 29 -687423) | | | |
| സർചാർജ്ജ് ഓൺ പ്രോപ്പർട്ടി ടാക്സ് | 30,000 | 0 | 30,000 | ഇല്ല | 30,000 |

4- താഴെ പറയുന്ന വരവിനങ്ങളിലെ കുടിശ്ശിക കണക്കുകൾ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ ഉണ്ട്.

| ഇനം | 2019-20 (B-15) | കളക്ഷൻ | നീക്കിയിരിപ്പ് ഉണ്ടായിരിക്കേണ്ടത് | നീക്കിയിരിപ്പ് 2020-21(B-15) |
|---|---|---|---|---|
| തൊഴിൽ നികുതി-ട്രേഡേഴ്സ് -കുടിശ്ശിക | 34360 | 162684 | - | - |
| ലൈസൻസ് ഫീസ് -കുടിശ്ശിക | 903110 | 189890 | 713220 | 899210 |
| വാടക-സിവിക് അമിനിറ്റീസ് | 67458 | 245654 | - | 53388 |
| സർവ്വീസ് സെസ്സ്-കുടിശ്ശിക | 83764 | 250856 | - | - |

5- (RP-24) ലെ കേന്ദ്രാവിഷ്കൃത ഫണ്ടിലെ ഇനംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6- ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് B-2 ഷെഡ്യൂളിലെ തുകയും ( ₹14057) RP-40(b)യിലെ തുകയും (₹14266) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7- എം പി ഫണ്ട് വരവ് ചെലവ് നീക്കിയിരിപ്പ് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8- ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷ ഡിമാന്റിൽ, റമിഷൻ/റൈറ്റ് ഓഫ് കാണിച്ചിട്ടില്ല.

9- K U R D F C Loan രജിസ്റ്റർ, ബന്ധപ്പെട്ട സർക്കാർ ഉത്തരവ് എന്നിവ ലഭ്യമാക്കിയിട്ടില്ല

10- കെ യു ആർ ഡി എഫ് സി വായ്പയിൽ നിന്നും ജി.ഒ പ്രോജക്ട് പ്രകാരമുള്ള തിരിച്ചടവ് (₹22,93,334) കുറക്കാതെയാണ് ബാലൻസ്ഷീറ്റ് B-5 ഷെഡ്യൂളിൽ തുക രേഖപ്പെടുത്തിയത്.

11- I-6ലെ വികസന ഫണ്ട് ജനറൽ തുകയിൽ ജിഒ പ്രോജക്ട് ചെലവ് തുക ₹ 3037934 ഉൾപ്പെട്ടിട്ടില്ല

12-SBI- Online RP-40(b) പ്രകാരവും , ബാങ്ക് ബുക്ക് പ്രകാരവും 11,17,793 ആണ്. എന്നാൽ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ₹6,95,542. വ്യത്യാസം വിശദമാക്കിയിട്ടില്ല.

13- SBT- സ്വച്ഛ് ഭാരത് RP-40(b) പ്രകാരവും, ബാങ്ക് ബുക്ക് പ്രകാരവും ₹6139783 ആണ്. എന്നാൽ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ₹7077283. വ്യത്യാസം വിശദമാക്കിയിട്ടില്ല.

14- SIB-തൊഴിൽ നികുതി RP-40(b) പ്രകാരവും, ബാങ്ക് ബുക്ക് പ്രകാരവും ₹5502043 ആണ്. എന്നാൽ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ₹5460793 ആണ് വ്യത്യാസം വിശദമാക്കിയിട്ടില്ല.

15- ബി17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സൂക്ഷിക്കുന്നില്ല. വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ പഴയ ചെക്കുകളും ഉണ്ട്. ഇവ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബാങ്ക് ബുക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| തനത് ഫണ്ട്- ഗ്രാമീൺ ബാങ്ക്- A/C No-499990 | 10385862 | 8425725 | 1960137 |
| എസ് ബി ഐ-തൊഴിൽ നികുതി | 5460793 | 5850094 | 389301 |
| L G TS B (450250900) | 8104684 | 17,00,000 | 6404684 |
| എസ് ബി ഐ -എം പി ഫണ്ട് | 2197714 | 316361 | 18,81,353 |

Cheque Deposited But Not Collected

| Bank / *Treasury* A/C | Vr No-DT | Instrument No & Date. | Amount |
|---|---|---|---|
| SIB Card Payment | 32000079 Dt. 31.3.20 | Nil, 30.08.2020 | 40,00,000 |
| L G TS B | 120040500007 Dt. 31.3.21 | 5577122<br>Dt.24 .8.2020 | 5,11903 |
| SIB Profession Tax | 119010400031<br>Dt. 5.3.20 | 696658<br>Dt. 26.2.2020 | 5000 |
| KGB Own Fund | 120010500021<br>Dt.16.9.2020<br>Vr. 32000069 Dt.31.03.21 | 5595548<br>Dt.16.9.20<br>025237 Dt. 24.06.20 | 17,500<br>40,00,000 |

എസ് ബി ഐ -സാലറി A/C No-67291295298 ൽ 2019-20വർഷത്തെ അതേ തുക തന്നെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ആവർത്തിക്കുന്നു. 1) Vr No-&date-31800118dt20.4.2018-42,466 2) Vr No-&date -31800047 Dt 18.5.2018-7,200

മൂന്ന് മാസ കാലാവധി കഴിഞ്ഞ പണമാക്കാത്ത എല്ലാ ചെക്കുകളും സ്റ്റെയിൽ ചെക്കിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നില്ല.

16- വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, ₹9,00,000 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

17- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (RP 22 ഷെഡ്യൂളിലെ) വരവ് തുക (₹11804196) യിൽ നഗരസഭയിൽ നിന്നും മുൻകൂർ കൊടുത്ത ₹17,00,000 ഉൾപ്പെട്ടിട്ടുണ്ട്. ആയത് ശരിയല്ല .
18-B-3 Capital Contribution ൽ മുൻവർഷത്തെ തുക തന്നെയാണ് ചേർത്തിട്ടുള്ളത്.

19- Capital Work In Progress തുകയുടെ വിശദവിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

20- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

21-ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഡിപ്രീസിയേഷൻ ഷെഡ്യൂൾ I-17 ഉൾപ്പെടുന്നില്ല. സാമ്പത്തിക വർഷം എല്ലാ ആസ്തികളുടെയും ഡിപ്രീസിയേഷൻ കണക്കാക്കിയതായി കാണുന്നില്ല. മുൻ വർഷത്തെ തുക ആവർത്തിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | ശീർഷകം | ഇനം | 2019-20<br>ബി- 11 പ്രകാരം ഡിപ്രീസിയേഷൻ | 2020-21<br>ബി- 11 പ്രകാരം ഡിപ്രീസിയേഷൻ |
|---|---|---|---|---|
| 1 | 411200100 | Accumulate Depreciation Building | (899083) | (899083) |
| 2 | 411320100 | Accumulate Depreciation Water Ways | (193707) | (193707) |
| 3 | 411400100 | Accumulate Depreciation Plant &Machinery | (1021904) | (1021904) |
| 4 | 411500100 | Accumulate Depreciation Vehicles | (110529) | (110529) |
| 5 | 411600100 | Accumulate Depreciation Office&other Equipments | (50,785) | (50,785) |
| 6 | 411700100 | Accumulate Depreciation Furniture, Fixtures And Fittings And Electrical | (877791) | (877791) |

| | | | | |
|---|---|---|---|---|
| 7 | 411800100 | Accumulate Depreciation Other Fixed Assets | (6346744) | (6346744) |

22- വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ(2007 കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 58 F) ഉൾപ്പെടുത്തിയിട്ടില്ല.

23- ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ് (2007 കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 54-5(a). എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

24-വാർഷിക ധനകാര്യ പത്രികയോടൊപ്പം Note On Account ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 9,00,35,941.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 14,26,97,066.00 |
| ആകെ | 23,27,33,007.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 17,28,12,935.00 |
| നീക്കിയിരിപ്പ് | 5,99,20,072.00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8938 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85,79,716.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 27346000 | 27346000 | 26982019 | 3,63,981 |
| വികസനഫണ്ട് എസ്.സി.പി | | 3608000 | 3608000 | 3099657 | 5,08,343 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 14553900 | 14553900 | 13305768 | 12,48,132 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | | 10292831 | 10292831 | 3829719 | 64,63,112 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ബേസിക് | | 16933966 | 16933966 | 7814280 | 91,19,686 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1514168.15 | 11804196 | 13318364.15 | 10046445 | 3271919.15 |
| സെൻട്രൽ ഗവ.ഫണ്ട് | 18978203 | 5211752 | 24189955 | 0 | 24189955 |
| ഗ്രാന്റ് ഫോർ പ്രോജക്ട് | 513532 | 1,60,60,000 | 1,65,73,532 | 0 | 16573532 |
| സ്പെസിഫിക് പർപ്പസ് (സ്വച്ഛ് ഭാരത് ) | 8722725 | 0 | 8722725 | 0 | 8722725 |
| ഡവലപ്മെന്റ് ഫണ്ട് – | 61,200 | 0 | 61,200 | 0 | 61200 |

| | | | | | |
|---|---|---|---|---|---|
| സ്പെഷൽ ഗ്രാന്റ് | | | | | |
| കൈമാറി കിട്ടിയ സ്ഥാപന വരവ് | 351027 | 0 | 351027 | 0 | 351027 |
| വെൽഫെയർ ബോഡീസ് | 50000 | 0 | 50000 | 0 | 50000 |

വാർഷിക ധനകാര്യ പത്രിക, സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ബന്ധപ്പെട്ട ലഡ്ജർ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോഗം തയ്യാറാക്കിയത്. ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനായി നഗരസഭയിൽ ഒരു രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

എം പി ഫണ്ട് വിവരം ലഭ്യമാക്കിയിട്ടില്ല. അദർ റവന്യൂ ഗ്രാന്റ്, സെൻട്രൽ ഗവ. ഫണ്ടിന്റെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-4-1 വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച 1.77 കോടി പാഴായി

2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ വരവ് ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു. വകയിരുത്തിയ പദ്ധതി തുകയുടെ 67% തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. റോഡിതര സംരക്ഷണ ഗ്രാന്റിന്റെ 37%വും സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് ഗ്രാന്റ് 46%വും മാത്രമാണ് ചെലവഴിച്ചത്. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകാത്തതിനാൽ താഴെ കാണും പ്രകാരം 1.77 കോടി രൂപ നഷ്ടപ്പെട്ടിരിക്കയാണ്. അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ സമയ ബന്ധിതമായി നടപ്പിലാക്കാത്തതിനാലാണ് ലഭ്യമായ ഫണ്ട് നഷ്ടപ്പെടാനിടയായത്. നിർവ്വഹണം നടത്തുവാൻ കഴിയുന്ന പദ്ധതികൾ മാത്രം വിഭാവനം ചെയ്ത് ആയവ കൃത്യമായി നടപ്പിലാക്കി ലഭ്യമായ ഫണ്ട് മുഴുവൻ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് (റദ്ദായ പദ്ധതികൾ ഖ-1-5-1 കാണുക).

ഓരോ ഫണ്ടിനത്തിലും നഗരസഭക്ക് നഷ്ടപ്പെട്ട തുകകളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ | ചെലവ് | ലാപ്സ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 27346000 | 26982019 | 3,63,981 |
| വികസനഫണ്ട്-എസ്.സി.പി | 3608000 | 3099657 | 5,08,343 |
| മെയിന്റനൻസ്-റോഡ് | 14553900 | 13305768 | 12,48,132 |
| മെയിന്റനൻസ്- നോൺറോഡ് | 10292831 | 3829719 | 64,63,112 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | 16933966 | 7814280 | 91,19,686 |
| | 7,27,34,697 | 5,50,31,443 | 1,77,03,254 |

## 1-4-2 നിഷ്ക്രിയമായ/വിനിയോഗിക്കാത്ത 91.88 ലക്ഷം തുക ചെലവാക്കാൻ സാധ്യതയില്ലാത്ത പക്ഷം തിരിച്ചടക്കേണ്ടത്

2020-21 വാർഷിക ധനകാര്യ പത്രിക B4 ഷെഡ്യൂൾ പ്രകാരം 91.8 ലക്ഷം നിഷ്ക്രിയമായിട്ടുണ്ട്. ഇവ ഏത് ആവശ്യത്തിന് വേണ്ടി ലഭിച്ചതാണെന്നും, വിനിയോഗിക്കാത്തതിന്റെ/നിഷ്ക്രിയമായതിന്റെ കാരണവും ഇവ അക്കൗണ്ട് ചെയ്തത് എവിടെയാണെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23.7.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | Code No | ഇനം | തുക |
|---|---|---|---|
| 1 | 320200106 | വികസന ഫണ്ട-സ്പെഷൽ ഗ്രാന്റ് | 61200 |
| 2 | 320200299 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ-അതേഴ്സ് | 351027 |
| 3 | 320500100 | വെൽഫെയർ ബോഡീസ് | 50000 |
| 4 | 320809800 | പ്രളയ സംഭാവന | 3847 |
| 5 | 320809900 | സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 87,22,725 |
| | | ആകെ | 91,88,799 |

പ്രസ്തുത തുക നഗരസഭാ പരിധിയിൽ ഫലപ്രദമായി ഉപയോഗിക്കാനാവുന്നില്ലെങ്കിൽ തുക ലഭിച്ച ഫണ്ട് അദാത് ഹെഡ്ഡിലേക്ക് തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-4-3 ഗ്രാന്റ് ഫോർ പ്രോജക്ട്സ് ₹1,60,60,000-വിവരം ലഭ്യമാക്കേണ്ടത്

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഗ്രാന്റ് ഫോർ പ്രോജക്ട്സ് ഇനത്തിൽ RP-24ൽ CODE NO. ൽ 320802000ൽ ₹1,60,60,000 വരവുണ്ട്. പ്രസ്തുത തുക അർബൻ അഗ്ലോമറേഷൻ ഫണ്ടിനത്തിൽ ലഭിച്ചതാണെന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 52/തീയ്യതി 23.7.2022 ന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചതിന്റെ ഉത്തരവ് നമ്പർ, ആയത് എന്ത് ആവശ്യത്തിനു വേണ്ടി ലഭിച്ചതാണ് എന്നീ കാര്യങ്ങൾ അറിയിച്ചിട്ടില്ല. തുക ഈ വർഷം ചെലവഴിച്ചിട്ടില്ല. തുക B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട് (16573532). ഇതിൽ മുന്നിരിപ്പുള്ള ₹5,13,532 ഏതിനത്തിലുള്ളതാണെന്നും വിനിയോഗിക്കാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കിയിട്ടില്ല.₹5,13,532 നിഷ്ക്രിയമായതാണെങ്കിൽ തിരിച്ചടക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെഎണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 269 | 12,98,89,584 | 194 | 7,59,46,389 | 147 | 47 | 75 | 75 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതിചെലവ് | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 3998488 | 12 | 2099548 | 12 | 56 |
| 2 | വെറ്റിനറിസർജൻ | 4551542 | 10 | 1518672 | 10 | 33 |
| 3 | മെഡിക്കൽ ഓഫീസർ – സി എച്ച് സി | 2675425 | 3 | 2014119 | 3 | 75 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1010000 | 2 | 986324 | 2 | 98 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 706054 | 4 | 626383 | 4 | 89 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ | 25395344 | 20 | 6455454 | 11 | 25 |
| 7 | ഹെഡ്മിസ്ട്രസ്സ് | 2873950 | 8 | 2356616 | 3 | 82 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11658987 | 15 | 8725541 | 12 | 75 |

| | | | | | | |
|---|---|---|---|---|---|---|
| 9 | സെക്രട്ടറി | 22677492 | 41 | 13976921 | 29 | 62 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 5,43,42,302 | 154 | 3,71,86,811 | 108 | 70 |
| | | 12,98,89,584 | 269 | 7,59,46,389 | 194 | 58 |

## 1-5-1 റദ്ദായ പദ്ധതികൾ

269 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 194 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. 75 പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു. തെരുവ് വിളക്ക് റിപ്പയർ, വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ എന്നിവ പോലുള്ള ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല . ശുചിത്വ മാലിന്യ സംസ്കരണത്തിനായി വിഭാവനം ചെയ്ത മിക്ക പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. മരാമത്ത് മേഖലയിൽ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും അങ്കണവാടികളുടേയും നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികളും, ടെയ്ക്ക് എ ബ്രെയ്ക്ക്, എം സി എഫ് നിർമ്മാണം, പ്ലാസ്റ്റിക് ശേഖരണ യൂണിറ്റ് അറ്റകുറ്റപ്പണി മുതലായ പ്രവൃത്തികളും നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികൾ കാലതാമസം കൂടാതെ നിർവ്വഹണം നടത്താനും ലഭ്യമായ ഫണ്ട് നഷ്ടപ്പെടുത്താതിരിക്കാനും ആവശ്യമായ നടപടികൾ ആരംഭത്തിൽ തന്നെ സ്വീകരിക്കേണ്ടതാണ്. വർഷാവസാനം ബിൽ നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി AUEGS

| | | |
|---|---|---|
| മുന്നിരിപ്പ് | | 1514168.15 |
| വരവ് | 10000000- AUEGS ഫണ്ട്<br>93848-ബാങ്ക് പലിശ<br>10348- വേതനം തിരികെ ലഭിച്ചത്<br>1700000- നഗരസഭ ഫണ്ട് | 11804196 |
| ആകെ | | 13318364.15 |
| ചെലവ് | 3994244 -തൊഴിലാളികളുടെ കൂലി<br>352201 -അഡ്മിനിസ്ട്രേറ്റീവ് ചെലവ്<br>5700000 -നഗരസഭയിലേയ്ക്ക് ഫണ്ട് തിരിച്ചടവ് | 10046445 |
| നീക്കിയിരിപ്പ് | | 3271919.15 |

തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വരവ്-ചെലവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളിപെൻഷൻ | 1272600 |
| വിധവാപെൻഷൻ | 4868800 |
| വാർദ്ധക്യകാലപെൻഷൻ | 10321700 |
| ഭിന്ന ശേഷി പെൻഷൻ | 1563100 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 4,36,200 |
| സാധുക്കളായ വിധവകളുടെ* പെൺമക്കൾക്കുള്ള | 9,00,000 |

| വിവാഹധനസഹായം | |
|---|---|

* വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെഎണ്ണം സംബന്ധിച്ചുള്ള വിവരം സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ല.

### 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ- മരണ ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നു

സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന മരണ രജിസ്ട്രേഷൻ രേഖകളുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് / മരണ രജിസ്ട്രേഷൻ നമ്പർ | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| അബൂബക്കർ.പി 45/2020 | 985090434109 | 112850200945 | 08.05.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 06/2022വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| മാധവി വി കെ 47/2020 | 257728254461 | 111560200286 | 03.03.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 06/2022വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| മോഹൻദാസ് പി 55/2020 | 397821092307 | 112850400084 | 17.04.2020 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | സ്റ്റാറ്റസ് -ആക്ടിവ് 09/2020വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| കല്ല്യാണി കെ. കെ. 74/2020 | 938003863538 | 112850600045 | 13.02.2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | സ്റ്റാറ്റസ് -ആക്ടിവ് 02/2022വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| സി.കെ.അബ്ദുറഹിമാൻ 85/2020 | 666702671358 | 111510400130 | 14.02.2020 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസ ബിലിറ്റി പെൻഷൻ സ്കീം | സ്റ്റാറ്റസ് -ആക്ടിവ് 06/2022 വരെ അക്കൗ ണ്ടിൽ തുക |

| | | | | | |
|---|---|---|---|---|---|
| | | | | -ശാരീരികം | നിക്ഷേപിച്ചു |
| അമ്മദ് .എം.ടി 89/2020 | 322016324472 | 111510200859 | 19.04.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 08/2020 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| നാണു.വി 92/2020 | 582494670276 | 112850200261 | 17.05.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| യൂസഫ്.ടി.സി 98/2020 | 633301475626 | 112850200306 | 06.04.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| മാതു.ഒ. 129/2020 | 323936319586 | 111520600318 | 18.05.2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | സ്റ്റാറ്റസ് -ആക്ടിവ് 01/2021 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| പാത്തു 138/2020 | 957719012285 | 111590202384 | 22.07.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| കുഞ്ഞിക്കണ്ണൻ.സി 142/2020 | 761801762078 | 111510200344 | 04.08.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്ടിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |

| | | | | | |
|---|---|---|---|---|---|
| ശാരദ.കെ 143/20 | 365619865199 | 111520200458 | 24.08.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| ഉസ്മാൻ.എൻ.വി 170/2020 | 956739112574 | 111520200755 | 07.09.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| നാരായണൻ.എം.കെ 171/2020 | 824157743827 | 111520400156 | 20.08.2020 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| കൊന്തേമ്പത്ത് കല്യാണി 181/2020 | 907710576332 | 111520100095 | 16.03.2020 | കർഷക തൊഴിലാളി പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| സൈനബ.എ.ടി.കെ 183/2020 | 532992250498 | 111560200083 | 08.07.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| അബ്ദുൾകാദർ 195/2020 | 967959065600 | 111520200991 | 24.06.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| അബ്ദുള്ള.സി 197/2020 | 781583435189 | 112850201999 | 28.02.2020 | ഇന്ദിരാ ഗാന്ധി | സ്റ്റാറ്റസ് -ആക്റ്റിവ് |

| | | | | | |
|---|---|---|---|---|---|
| | | | | ദേശീയ വാർദ്ധക്യകാല പെൻഷൻ | 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| നബീസു കെ 202/2020 | 591375262601 | 112850202236 | 24.08.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| കദീജ 219/2020 | 287810854135 | 111590601070 | 04.09.2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |
| ദാസൻ എം 222/2020 | 567083449554 | 111560200240 | 31.10.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സ്റ്റാറ്റസ് -ആക്റ്റിവ് 06/2022 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ മരണ രജിസ്റ്റർ പരിശോധിച്ച ശേഷം സസ്പെൻഡ് ചെയ്യേണ്ടതും അധികം നൽകിയ തുക (സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള 00110102300269 നമ്പർ അക്കൗണ്ട്) തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

സർക്കാർ നിർദ്ദേശ പ്രകാരം നഗരസഭ പരിധിയിലെ വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പുന:പരിശോധന നടത്തുന്നില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (42/18.7.2022-2019-20) മറുപടി നൽകിയത്. ധനകാര്യ എസ്.എഫ്.സി. സെൽ-(ബി) വകുപ്പിന്റെ 23.9.2020ലെ സർക്കാർ ഉത്തരവ് (എംഎസ് )നം.97/2020/ധന. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. സർവ്വീസ് പെൻഷൻ കൈപ്പറ്റുന്ന ഏതെങ്കിലും വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നത് സംബന്ധിച്ച പരിശോധന മുതലായവയുടെ വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49 തീ.23-07-2022) മറുപടി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2022 തീയ്യതിയിൽ 3.30pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹76783യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പാനൂർ നഗരസഭയിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമല്ല. 2020-21 വർഷം സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേർന്നിട്ടില്ല. ആകെ 2 (29.12.2020, 2.2.2021) യോഗങ്ങളേ ചേർന്നിട്ടുള്ളൂ. സ്റ്റാഫ് 02.02.2021ലെ മീറ്റിംഗ് മിനുട്ട്സ് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റാഫ് മീറ്റിംഗിൽ സെക്ഷനിലെ ജോലി പുരോഗതി, പെൻഡിംഗ് ഫയൽ

സംബന്ധിച്ചുള്ള വിവരങ്ങൾഎന്നിവ ചർച്ചയ്ക്ക് വെക്കുന്നില്ല.

2017ലാണ് അവസാനമായി സെക്ഷൻ പുന:ക്രമീകരിച്ചത്. ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോൾ പകരം ജീവനക്കാർക്ക് ചുമതല കൊടുക്കുന്നത് ഉത്തരവാക്കുന്നതല്ലാതെ സമഗ്ര ജോലി വിഭജനം, സെക്ഷൻ പുന: ക്രമീകരണം എന്നിവയൊന്നും ഈ കാലയളവിൽ ഉണ്ടായിട്ടില്ല. നികുതി/ഫീസുകൾ എന്നിവയുടെ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുക തുടങ്ങിയ ക്രമീകരണങ്ങളൊന്നും വർഷാവസാനം പോലും നടത്തിയിട്ടില്ല. ഉദ്യോഗസ്ഥർ തൻപതിവേട് സൂക്ഷിക്കുന്നില്ല. വിവിധ നികുതികൾ, ഫീസുകൾ എന്നിവയുടെ പുരോഗതി, അവലോകനം, നിർദ്ദേശങ്ങൾ എന്നിവയൊന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നില്ല. ലേലവരവിൽ ലേലയിനത്തിൽ വരവ് വരേണ്ട 11,86,062 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. നഗരസഭ സമ്പൂർണ്ണ വിവരശേഖരണം / വസ്തുനികുതി പരിഷ്കരണത്തിന് കൃത്യതയില്ല. ജി ഐ എസ് മാപ്പിംഗ് പൂർണമായിട്ടില്ല. ഒരു തവണ മാത്രം ഫീൽഡ് പരിശോധന നടത്തിയാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഡാറ്റ തയ്യാറാക്കിയത്.
ഭരണസമിതി യോഗ മിനുട്ട്സ് അധ്യക്ഷൻ സാക്ഷ്യപ്പെടുത്തുന്നില്ല. സ്ഥാപനത്തിലെ ഫയൽ സൂക്ഷിപ്പിന്റെ അവസ്ഥ വളരെ ശോചനീയമാണ്. സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ നിർവ്വഹണം നടത്തിയ മിക്ക പ്രോജക്ടുകളുടേയും ഫയൽ ഓഡിറ്റിന് ലഭിച്ചിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ നനഞ്ഞതും ക്രമരഹിതവുമാണ്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്ക് തയ്യാറാക്കൽ തൃപ്തികരമല്ല. ബാങ്ക്/ട്രഷറി എന്നിവിടങ്ങളിലായി 18 അക്കൗണ്ടുകൾ സ്ഥാപനത്തിന്റെ പേരിലുണ്ട്. ഈ ഫണ്ടുകളുടെ ഫിനാൻഷ്യൽ പൊസിഷൻ മാസാവസാനം/ വർഷാവസാനം പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും ഈ സമ്പ്രദായം സ്ഥാപനത്തിൽ പാലിക്കുന്നില്ല. വിവിധ ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും പ്രധാന പോരായ്മയാണ്. വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഗരസഭയ്ക്ക് 1.77 കോടി രൂപ നഷ്ടമായി. മരണാനന്തരവും സാമൂഹ്യ സുരക്ഷ പെൻഷൻ അനർഹമായി നൽകിയതും വിധവ പെൻഷൻ അർഹത പുന:പരിശോധനയ്ക്ക് വിധേയമാക്കാത്തതും നഗരസഭയുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണ്. നഗരസഭ ഓഫീസ് കെട്ടിടത്തിലെ ശോചനീയമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

## 1-10 വാർഡ് സഭ

2020-21 വർഷത്തിൽ ഓരോ വാർഡിലും (ആകെ 40 വാർഡുകൾ) 1 വാർഡു സഭ (7/2/2021) മാത്രമാണ് ചേർന്നിട്ടുള്ളത്. ഈ വാർഡ് സഭയിൽ 2020-21 വാർഷിക പദ്ധതി അവലോകനം, വാർഡ് വികസന സമിതി രൂപീകരണം, 2021-22 വാർഷിക കരട് പദ്ധതി നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്. വാർഡ് സഭകളിൽ നിശ്ചിത ക്വാറം തികയുന്നുണ്ടെങ്കിലും, ചില വാർഡുകളിലെ യോഗങ്ങളിൽ നിശ്ചിത ക്വാറം തികഞ്ഞിട്ടില്ല. വാർഡ്സഭ മിനുട്ട്സ് കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില വാർഡ്സഭകളിലെ മിനുട്ട്സ് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 15(2) ചട്ടം അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, കൗൺസിൽ എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം വാർഡു സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല .

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 17/2018 ത.സ്വ.ഭ.വ, തീയതി 02.02.2018 ഖണ്ഡിക 3.2.3(5) പ്രകാരം ഓരോ വാർഡ് സഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി തയ്യാറാക്കി വാർഡ് സഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത സഭാ അംഗങ്ങളിൽ ചുരുങ്ങിയത് 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം വാർഡ്സഭാ കോ-ഓർഡിനേറ്ററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 1-11 പൗരാവകാശ രേഖ-പ്രസിദ്ധീകരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ 2000 ലെ ചട്ടം 3(1) പ്രകാരമുള്ള പൗരാവകാശ രേഖ തയ്യാറാക്കി പാനൂർ നഗരസഭ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. മേൽ ചട്ടമനുസരിച്ച് ഭരണസമിതി നിലവിൽ വന്ന് 6 മാസത്തിനകം പൊതുജനങ്ങൾക്കു ലഭ്യമാകുന്ന സേവനങ്ങൾ, സേവനം ലഭ്യമാകുന്ന കാലയളവ്, നടപടിക്രമങ്ങൾ തുടങ്ങിയ വിവരങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടിയിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (19/18.7.2022) 2022-23 വാർഷീക പദ്ധതിയിൽ പൗരാവകാശ രേഖ തയ്യാറാക്കുന്നതിന് തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൗരാവകാശ രേഖയുടെ പ്രസിദ്ധീകരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-12 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട പല രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന രജിസ്റ്ററുകൾ തന്നെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കാത്തതും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്താത്തതുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1- ട്രഷറി, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രതിമാസം/വർഷാന്ത്യം സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിന് ശേഷമാണ് വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയത്. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2- ബാങ്ക് ബുക്ക്, ക്യാഷ് ബുക്ക് (സാംഖ്യ ജനറേറ്റഡ്) പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിന് ശേഷമാണ് ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് വച്ചത്.

3- മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4- ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്ട്സ് എന്നിവ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ.

6- വിവിധ ഗ്രാന്റുകളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല.

7- ഡിസിബി ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8- ജീവനക്കാരുടെ തൻപതിവേട് സൂക്ഷിക്കുന്നില്ല.
9- പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പൂർണ്ണമല്ല.
10-വാർഡ് സഭ മിനുട്ട്സ് ആമുഖ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതിയിട്ടില്ല. വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി രജിസ്റ്ററുകൾ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്.
11- സുലേഖ ചെലവ് പത്രികയിൽ തനത് ഫണ്ടിലെ ചെലവിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (ഈ റിപ്പോർട്ട് ഖ-1-58 കാണുക).
12- എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

## 1-13 കമ്മിറ്റികളുടെ പ്രവർത്തനം

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ആസൂത്രണ സമിതിയ്ക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും, നിർണായകമായ പങ്കാണുള്ളത്. പൊതു ജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് ജനങ്ങൾക്ക് ആവശ്യമുള്ളതായ പദ്ധതികൾ രൂപീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുകയും ചെയ്യുക എന്ന സുപ്രധാനമായ ഉത്തരവാദിത്തമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. പാനൂർ നഗരസഭയിൽ 2020-21 വർഷം 2 വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയിട്ടുണ്ടെങ്കിലും, യോഗങ്ങളിൽ മേൽപ്പറഞ്ഞ ചുമതല നിറവേറ്റുന്ന തരത്തിലുള്ള ചർച്ചകളോ തീരുമാനങ്ങളോ എടുക്കുന്നില്ല. യോഗങ്ങളിലെ പ്രാതിനിധ്യം വളരെ കുറവാണ്. തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. നടപ്പിലാക്കിയ പദ്ധതികൾ മോണിറ്റർ ചെയ്യുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന കർത്തവ്യം. മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഒഴിവായി മറ്റൊരു കൺവീനറുടെ നേതൃത്വത്തിൽ പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
സ്റ്റിയറിംഗ് കമ്മിറ്റിയും പ്രതിമാസം കൂടിയിട്ടില്ല.

## 1-14 നഗരസഭാ കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം

2015 നവംബർ മാസത്തിൽ പാനൂർ, പെരിങ്ങളം, കരിയാട് ഗ്രാമപഞ്ചായത്തുകൾ കൂട്ടിചേർത്താണ് പാനൂർ നഗരസഭ രൂപീകരിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരേയും നഗരസഭയ്ക്ക് സ്വന്തമായി കെട്ടിടം നിർമിച്ചിട്ടില്ല. പാനൂർ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നത് പാനൂർ ഗ്രാമപഞ്ചായത്ത് നേരത്തെ പ്രവർത്തിച്ചിരുന്ന ഇടുങ്ങിയ കെട്ടിടത്തിലും പ്രധാന ഓഫീസ് സ്വകാര്യ വാടക കടമുറിയുടെ മുകൾ നിലയിലുമാണ് പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കം കാരണം ശോചനീയമായ അവസ്ഥയിലാണ്. കുടുംബശ്രീ ഓഫീസ്, ഹെൽത്ത് കണ്ടിജന്റ് വിഭാഗം എന്നിവയും ഈ കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഇവിടെ വൃത്തഹീനമായതും ഉപയോഗശൂന്യവുമായ ടോയ്ലെറ്റാണ് നിലവിലുള്ളത്. സ്ഥലപരിമിതി മൂലം പ്രധാന ഓഫീസിലും ജീവനക്കാർക്കും ജനങ്ങൾക്കും അസൗകര്യം നേരിടുന്നുണ്ട്. നിലവിൽ പുതിയ കെട്ടിടം നിർമിക്കുവാനുള്ള പ്രാഥമിക നടപടികൾ മാത്രമാണ് ആരംഭിച്ചിരിക്കുന്നത്. നഗരസഭ രൂപീകരിച്ചിട്ട് ഏഴ് വർഷത്തോളം ആയെങ്കിലും കെട്ടിട നിർമാണം സംബന്ധിച്ച് പ്രൊജക്ട് പോലും തയ്യാറാക്കിയിട്ടില്ല. നഗരസഭാ ഓഫീസിന് എത്രയും പെട്ടെന്ന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-15 അനധികൃത നിർമ്മാണം -ജിഐഎസ് മാപ്പിംഗ് സൈറ്റിലെ വിവരങ്ങൾ പരിശോധിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡ് തിരിച്ച് പരിപാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരം രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിവരശേഖരണവും ഡാറ്റാ എൻട്രിയും ആദ്യ ഘട്ടം പൂർത്തിയായിട്ടും അനധികൃത കെട്ടിടങ്ങളുടെ പൂർണ്ണവിവരം ലഭ്യമാക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 10 അനധികൃത കെട്ടിടങ്ങളാണുള്ളത്. ആയതിൽ ചില കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സഞ്ചയപ്രകാരം വിസ്തീർണ്ണം | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 12/34a, | നുച്ചിക്കാട്ട് മുസ്തഫ | 62.1 | 19288 |
| 2 | 12/34b | നുച്ചിക്കാട്ട് മുസ്തഫ | 62 | 19252 |
| 3 | 12/34c | നുച്ചിക്കാട്ട് മുസ്തഫ | 62.1 | 18328 |
| 4 | 12/34d | നുച്ചിക്കാട്ട് മുസ്തഫ | 62 | 18294 |
| 5 | 31/105 | മറിയം | 12 | 2361 |
| 6 | 40/617/ A(UAC) | പുത്തലത്ത് ലത്തീഫ് | 1120 | 834624 |

മേൽ വിവരിച്ച അനധികൃത കെട്ടിങ്ങൾക്കെതിരെ സ്വീകരിച്ച നപടികൾ, നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അത്തരം കെട്ടിടങ്ങൾക്കുമേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/23.07.22) 1 മുതൽ 5 വരെയുള്ള കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിനു ശേഷം നടപടി സ്വീകരിക്കുന്നതാണെന്നും, 40/617 A(uac) എന്ന കെട്ടിടത്തിന്റെ ഒക്യുപ്പൻസി അപേക്ഷ ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും, മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടെന്നും, ഒക്യുപ്പൻസി/കേസ് എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയതിനുശേഷം നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്.

പാനൂർ നഗരസഭയുടെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരമാണ്.പ്രോപ്പർട്ടി ടാക്സ് അസസ്സ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കുന്നുണ്ടോയെന്ന് അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/15.07.22) യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പരിഷ്കരിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും ഇപ്രകാരം കെട്ടിടനികുതി തനത് ഡിമാന്റ് 1.25 കോടിയായി വർദ്ധിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ നഗരസഭയിൽ 40 വാർഡുകളാണുള്ളത്. ജി ഐ എസ് മാപ്പിംഗ് സൈറ്റ് പരിശോധിച്ചതിൽ 40 വാർഡുകളിലുമായി നിരവധി കെട്ടിടങ്ങളുടെ പഴയ കെട്ടിട നമ്പർ രേഖപ്പെടുത്താതെയും, പുതിയ കെട്ടിട നമ്പറിന് Ua എന്ന് രേഖപ്പെടുത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | ജിഐഎസ് മാപ്പിംഗ് സൈറ്റ് പ്രകാരം കെട്ടിടത്തിന്റെ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, |
|---|---|---|---|
| 1 | ഹസ്സൻ ഹാജി | Ua/3/39,Ua3/40 | 16 |
| 2 | പെരിങ്ങത്തൂർ മുഹമ്മദ് മണ്ണിൽ | Ua/18/129 | 195.62 |
| 3 | റഷീദ് തളത്തിൽ | Ua 18/136 | 16.25 |
| 4 | മഹമൂദ് | Ua1/17 | 28.2 |
| 5 | മഹമൂദ് | Ua 1/18 | 16.2 |

| | | | |
|---|---|---|---|
| 6 | മഹമൂദ് | Ua 1/19 | 44.4 |
| 7 | സത്യൻ | Ua 1/145 | 12.3 |
| 8 | അസ്ലം/മുസ്തഫ | Ua 1/291 | 186.1 |
| 9 | എം.ടി.കുഞ്ഞമ്മദ് | Ua 40/142,Ua40/143,Ua40/144,Ua40/145,Ua40/146,Ua40/147,Ua40/148,40/149,40/150,40/151 | 15 M2 വീതം(ലോഡ്ജിംഗ്) |

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും, കെട്ടിടങ്ങളുട വിശദാംശങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ എൻക്വയറിക്ക് (47/23.07.22) നഗരസഭക്ക വേണ്ടി കെട്ടിട വിവരങ്ങൾ ശേഖരിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പഴയ നമ്പർ കിട്ടാത്ത കെട്ടിട മുറികൾക്ക് അൺ അസ്സസ്മെന്റ് കാണിച്ച് Ua നമ്പർ നൽകിയിട്ടുണ്ടെന്നും, ടി കെട്ടിങ്ങൾക്ക് നമ്പർ ലഭിച്ചിട്ടുള്ളതും നഗരസഭയിൽ നികുതി ഒടുക്കി വരുന്നതുമാണെന്നും, നികുതി നിർണയം സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുമെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ജി ഐ എസ് മാപ്പിംഗ് സൈറ്റ് പ്രകാരം അൺ സ്സസ്മെന്റ് കാണിച്ച് Ua നമ്പർ നൽകിയ മുഴുവൻ കെട്ടിങ്ങളും കണ്ടെത്തി നികുതി നിർണയം നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 ജിഐഎസ് മാപ്പിംഗ് സൈറ്റ്-സഞ്ചയയിലെ വ്യത്യാസം പരിശോധിക്കേണ്ടതാണ്

ജി ഐ എസ് മാപ്പിംഗ് സൈറ്റിൽ വ്യാപാരസ്ഥാപനങ്ങളുടെ വിവരങ്ങളും,സഞ്ചയയിലെ വിവരങ്ങളും താരതമ്യം ചെയ്തതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. / കെട്ടിട നം. | ജി ഐ എസ് മാപ്പിംഗ് സൈറ്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉപയോഗക്രമം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, |
|---|---|---|---|
| 1 | പെരിങ്ങത്തൂർ 18/290 സുബിതകോളത്ത് | 66.72 Mra Bakery | 16 |
| 2 | പെരിങ്ങത്തൂർ 18/291 സുബിതകോളത്ത് | 22.34 | Building Not Found |
| 3 | പെരിങ്ങത്തൂർ 18/292 കാദർ മണ്ണിൽ | 44.48mra Bakery | 10 |
| 5 | പെരിങ്ങത്തൂർ 18/297 മുഹമ്മദ് മണ്ണിൽ | 113.35mra Bakery | Building Not Found |
| 6 | പെരിങ്ങത്തൂർ 18/298 മുഹമ്മദ് മണ്ണിൽ | 125.46 | 8 |
| 7 | പെരിങ്ങത്തൂർ നിസ്സാർ അഹമ്മദ് 18/837 | 148.68 | 24 |
| 8 | പെരിങ്ങത്തൂർ നിസ്സാർ അഹമ്മദ് 18/836 | 74.34ഡ്രസ്സ് ഷോപ്പ് | 47 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46 തീയതി 23.07.22) കെട്ടിടങ്ങൾ പരിശോധിച്ച് യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്.

## 1-17 ടെലഫോൺ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

നഗരസഭ പരിധിയിലുള്ള മൊബൈൽ ടെലഫോൺ ടവറുകളുടെ നികുതി നിർണയം സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ പ്രകാരം 14 ടവറുകൾക്ക് മാത്രമാണ് നികുതി നിർണയിച്ചതായി കാണുന്നത്. ആയതിൽ ചില ടവറുകൾക്ക് ചുവടെ ചേർത്ത പ്രകാരം കുടിശ്ശിക ഉള്ളതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | കുടിശ്ശിക കാലയളവ് | 2020-21 വരെയുള്ള കുടിശ്ശിക തുക (ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) |
|---|---|---|---|
| 39/357a | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 126378 |
| 18/262a | കെ.ഗോപകുമാർ. ലെസ്സി. റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 2016 ഒന്നാം അർദ്ധവർഷം മുതൽ | 56928 |
| 1/1069 | മാനേജർ ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് | 2016 രണ്ടാം അർദ്ധവർഷം മുതൽ | 36040 |
| 38/115a | പ്രൊജക്ട് മാനേജർ എം.എസ് വോഡാഫോൺ എസ്.ആർ സെല്ലുലാർ ലി. | 2016 രണ്ടാം അർദ്ധവർഷം മുതൽ | 49655 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം30 തീയതി 21.07.22) നികുതി ഒടുക്കുവാനുള്ള 4 ടവറുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 14 മൊബൈൽ ടവറുകൾക്കാണ് വസ്തുനികുതി നിർണ്ണയം നടത്തിയത്. എന്നാൽ ജി.ഐ.എസ് മാപ്പിംഗ് സൈറ്റിലെ വിവരശേഖരണ പ്രകാരം 21 മൊബൈൽ ടവറുകളാണുള്ളത്. അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/21.07.22) ജി.ഐ.എസ് മാപ്പിംഗിൽ ചില മൊബൈൽ ടവറിന്റെ മോട്ടോർ റൂമിനും, ടവറിനും പ്രത്യേകം നമ്പർ നൽകിയിട്ടുണ്ടെന്നും, ആയതിനാലാണ് എണ്ണത്തിൽ വർദ്ധനവ് വരുന്നതെന്നാണ്. ടി മറുപടി തൃപ്തികരമല്ല. ആയതിനാൽ ജി.ഐ.എസ് മാപ്പിംഗിലെ വിവരങ്ങളും കൂടി പരിഗണിച്ച് വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്ന ടവറുകളെ കണ്ടെത്തി നികുതി നിർണയം നടത്തേണ്ടതാണ്.

## 1-18 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകങ്ങൾ

1999ലെ കേരളാ മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. പാനൂർ നഗരസഭയുടെ ജി ഐ എസ് മാപ്പിംഗ് സൈറ്റിലെ വിവരശേഖരണ പ്രകാരം വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആയവ

മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല (2020-21 വാർഷിക ധനകാര്യ പത്രികയോടൊപ്പം ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസിനത്തിൽ വരവില്ല).

| ക്രമനം | സ്ഥാപനം |
|---|---|
| 1 | അക്കാദമിക്ക് കോച്ചിംഗ് സെന്റർ |
| 2 | മൻഹജ് വിമൻസ് അക്കാദമി |
| 3 | ഡാഫിയ വിമൻസ് എഡ്യുക്കേഷണൽ അക്കാദമി |
| 4 | പെരിങ്ങത്തൂർ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |
| 5 | ഗുരൺ കോളേജ് |
| 6 | അംബേദ്കർ അബാക്ക്സ് &ഇൻടെൽ കംപ്യൂട്ടർ എഡ്യുക്കേഷൻ |
| 7 | പെയ്സ് അക്കാദമി |
| 8 | എം.ഇ.ഇ.എസ് കോളേജ് |
| 9 | ടാലന്റ് ട്രീ കംപ്യൂട്ടർ ട്രെയിനിംഗ് |
| 10 | ഇക്ര ഇസ്ലാമിക് വിമൻസ് കോളേജ് |
| 11 | സ്പെയ്സ് റ്റ്യൂഷൻ സെന്റർ |
| 12 | യു കാൻ സയൻസ് അക്കാദമി |
| 13 | റേയ്സ് കോളേജ് |
| 14 | ജെ.എസ്.എൽ കംപ്യൂട്ടർ എഡ്യുക്കേഷൻ |
| 15 | ജെ.എസ്.എൽ ആർട്ട്സ് കോളേജ് |
| 16 | ഫോക്കസ് കംപ്യൂട്ടർ സെന്റർ |

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.29/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ പരിധിയിലുള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ജി ഐ എസ് മാപ്പിംഗ് സൈറ്റിൽ എഡ്യുക്കേഷണൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ പഴയ കെട്ടിട നം രേഖപ്പെടുത്താതെയും, പുതിയ കെട്ടിട നമ്പറിന് Ua എന്ന് രേഖപ്പെടുത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് | സ്ഥാപനം | ഊരാളുങ്കൽ സൈറ്റ് പ്രകാരം നൽകിയ നം. |
|---|---|---|---|
| 1 | പാനൂർ ടൗൺ | ബിസിനസ് സ്കൂൾ അബ്ദുൾ ജലീൽ | Ua1/71,Ua72,Ua73,Ua74,Ua75 |
| 2 | പാനൂർ ടൗൺ | ടാലന്റ് ട്രീ കംപ്യൂട്ടർ സെന്റർ | Ua1/290 |
| 3 | പാനൂർ ടൗൺ | ടാലന്റ് ട്രീ കംപ്യൂട്ടർ സെന്റർ | Ua 1/289 |
| 4 | പെരിങ്ങത്തൂർ | എം.ഇ.ഇ.എസ്. കോളേജ് | Ua18/142,18/143,18/149,18/150 |

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും, കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.7.22) നൽകിയ മറുപടിയിൽ 2019ൽ നഗരസഭക്ക വേണ്ടി കെട്ടിട വിവരങ്ങൾ ശേഖരിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ജീവനക്കാർ റവന്യൂ നമ്പർ ലഭിക്കാത്ത കെട്ടിടങ്ങളെ അൺഅസ്സഡ് കെട്ടിടം എന്ന നിലയിൽ Uaഎന്ന പേരിൽ നമ്പർ നൽകിയിട്ടുണ്ട് എന്നും, യഥാർത്ഥത്തിൽ ടി കെട്ടിടങ്ങൾക്ക് റവന്യൂ നമ്പർ നൽകിയിട്ടുള്ളതും നികുതി ചുമത്തി സഞ്ചയയിൽ ചേർത്തിട്ടുള്ളതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ബിസിനസ് സ്കൂൾ എന്ന സ്ഥാപനത്തിന് 1/180g, 1/180h എന്നും, എം.ഇ.ഇ.എസ്. കോളേജിന് 18/400 എന്ന നമ്പറിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. എന്നാൽ ജി ഐ എസ് മാപ്പിംഗ് സൈറ്റ് പ്രകാരം എം.ഇ.ഇ.എസ്. കോളേജ്, ബിസിനസ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പേരിൽ രണ്ടിൽ അധികം കെട്ടിടങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പട്ടികയിൽ പരാമർശിച്ച എല്ലാ കെട്ടിടങ്ങളെയും ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി യഥാർത്ഥ തറവിസ്തീർണ്ണം നിർണ്ണയിച്ച് നികുതി വരുമാനം ഉറപ്പാക്കേണ്ടതാണ്.

## 1-19 കുടിശിക ഈടാക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 239 പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ ഒഴിഞ്ഞോ വാടകയ്ക്ക് കൊടുക്കാതെയോ കിടന്നിരുന്നാൽ ആ അർദ്ധ വർഷത്തേക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് 27/7/21ലെനഗരസഭാ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി 2020-21 ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ വിവിധ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ പല കെട്ടിടങ്ങൾക്കും മുൻകാലങ്ങളിലെ കുടിശ്ശിക ഈടാക്കാതെയാണ് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | കെട്ടിടനം/വാർഡ് നം | ഉടമസ്ഥന്റെ പേര് | കുടിശ്ശികയുടെ വിവരം |
|---|---|---|---|
| 1 | 32/27 To 31 | പയ്യന്റവിട നാസർ | 2013-14 മുതൽ കുടിശ്ശിക |
| 2 | 38/347 To 349 | പയ്യന്റവിട നാസർ | 2015-16 മുതൽ കുടിശ്ശിക |

വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളിൽ നിന്ന് ആയത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വേക്കൻസി റെമിഷൻ അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ സഞ്ചയയിൽ പോസ്റ്റിങ്ങ് വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 നഗരസഭ സമ്പൂർണ്ണ വിവരശേഖരണം/വസ്തു നികുതി പരിഷ്കരണം അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പ്രോജക്ടിന്റെ പേര് | 53/2020, 102/2021 നഗരസഭ സമ്പൂർണ്ണ വിവരശേഖരണം / വസ്തുനികുതി പരിഷ്കരണം |
| കരാറുകാരൻ | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റി |
| അടങ്കൽ | 2,21,400 വികസനഫണ്ട്<br>11,46,520 തനത്ഫണ്ട്<br>2019-20 ₹1367920 |
| അടങ്കൽ | 17,78,600<br>6,33,154<br>2020-21 ₹2411754 |
| ചെലവ് 23, 67, 920 | ബിൽ നമ്പർ തീയതി 48/17-07-2019 ₹221400<br>ചെക്ക് നമ്പർ തീയതി 15480/22-07-2019 ₹513366<br>ചെക്ക് നമ്പർ തീയതി 5577069/02-06-2020 ₹615766<br>ചെക്ക് നമ്പർ തീയതി 5577070/02-06-2020 ₹17388<br>ബിൽ നമ്പർ തീയതി 48/29-12-2020 ₹10,00,000 |

പാനൂർ നഗരസഭയുടെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തിയത് ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരമാണ്. ജി.ഒ.(ആർ.ടി)2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018, പ്രകാരം

ജിഐഎസ് മാപ്പിംഗ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്, ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജിഐഎസ് മാപ്പിംഗ് നടത്താൻ. പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണം, തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ജി ഐ എസ് മാപ്പിംഗ് പൂർണമായിട്ടില്ല. ഒരു തവണ മാത്രം ഫീൽഡ് പരിശോധന നടത്തിയാണ് ഡാറ്റ തയ്യാറാക്കിയത്. ഫീൽഡ് പരിശോധന സമയത്ത് കെട്ടിടങ്ങളിൽ വിവരശേഖരണത്തിന് ആളുകൾ ഇല്ലാത്തവയിൽ ഡാറ്റ അപൂർണ്ണമാണ്. അവ പിന്നീട് ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 50ൽ കൂടുതൽ ഫീൽഡുകളുടെ വിവരം ലഭ്യമാക്കേണ്ടതുണ്ടെങ്കിലും ഡാറ്റ പരിശോധിച്ചതിൽ മിക്ക ഫീൽഡുകളും ഒഴിച്ചിട്ടിരിക്കുകയോ, വിവരം ലഭ്യമല്ല എന്ന് രേഖപ്പെടുത്തുകയോ ആണ് ചെയ്തത്.

2- ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ല.

3- പ്രോപ്പർട്ടി ടാക്സ് അസസ്സ്മെന്റിന് ജി ഐ എസ് മാപ്പിംഗ് പൂർണമായും ഉപയോഗപ്പെടുത്തുന്നില്ല. ജി ഐ എസ് മാപ്പിംഗ് പ്രകാരം നിരവധി കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയിട്ടുണ്ട്. അതിന് അനുസരിച്ച് അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്ക് അതിനനുസരിച്ചുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല.

4- ജി ഐ എസ് മാപ്പിംഗിന് ജി.ഒ.(ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018, പ്രകാരം അംഗീകരിച്ച നിരക്ക് താഴെ പറയും പ്രകാരമാണ്.

₹110/HOUSE HOLD

₹7000/Square KM Which Included Detailed Road Survey

₹ Soft Ware Development -Nil

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി താഴെ പറയും പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്

| Sl No | Item | Unit | Unit Prize | Toal Units | Total Prize |
|---|---|---|---|---|---|
| 1 | Base Map | Sq. KM | 7000 | 29 | 2,03,000 |
| 2 | House Hold Survey | Number | 110 | 20500 | 22,55,000 |
| | | | | | 24,58,000 |
| | Additional Features | | | | |
| 3 | Technical Supportt | Sq. KM | 15000 | 29 | 4,35,000 |
| 4 | Software Development | | 5,00,000 | | 5,00,000 |
| | Total | | | | 935000 |
| | Total Project Cost With Out GST | | | | 33,93,000 |
| | GST 18% | | | | 610740 |
| | Grand Total | | | | 40,03,740 |

എസ്റ്റിമേറ്റ് ക്രമ നമ്പർ 1,2, എന്നിവക്ക് മേൽ ഉത്തരവ് പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അഡീഷണൽ ഫീച്ചേഴ്സിൽ ഉൾപ്പെടുത്തിയ Technical Support, Software Development എന്നിവയുടെ നിരക്ക് ഉത്തരവിൽ

ഇല്ലാതിരിക്കെ പ്രസ്തുത ഇനങ്ങൾക്ക് നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

6- ഊരാളുങ്കൽ സൊസൈറ്റിക്ക് 2019-20, 2020-21 വർഷം നൽകിയ തുകയിൽ 2% ആദായ നികുതി, 2% ജി എസ് ടി എന്നിവ ഈടാക്കേണ്ടതായിരുന്നു ( കോവിഡ് കാരണം 2020-21 സാമ്പത്തിക വർഷം ആദായ നികുതിയിൽ .025% ഇളവ് അനുവദിച്ചിട്ടുണ്ട്). എന്നാൽ കുറഞ്ഞ നിരക്കിലാണ് നികുതികൾ ഈടാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ തീയതി | അനുവദിച്ച തുക | ഊരാളുങ്കൽ സൊസൈറ്റിക്ക് അനുവദിച്ച തുക | ഊരാളുങ്കൽ സൊസൈറ്റിക്ക് അനുവദിക്കേണ്ട തുക | ഈടാക്കേണ്ട ജിഎസ്ടി 2% | ഈടാക്കിയ ജിഎസ്ടി | ഈടാക്കേണ്ട ആദായ നികുതി (2019-20 2%) (2020-21 1.5%) | ഈടാക്കിയ ആദായ നികുതി |
|---|---|---|---|---|---|---|---|
| ബിൽ നമ്പർ തീയതി 48/17.7.19 | 221400 | 221400 | 212544 | 4428 | 0 | 4428 | 0 |
| ചെക്ക് നമ്പർ തീയതി 15480/22-07-2019 | 513366 | 513366 | 492832 | 10267 | 0 | 10267 | 0 |
| ചെക്ക് നമ്പർ തീയതി 5577069/02-06-2020 ₹615766<br>ചെക്ക് നമ്പർ തീയതി 5577070/02-06-2020 ₹17388 | 633154 | 603692 | 610994 | 12663 | 12074 | 9497 | 17388 |
| ബിൽ നമ്പർ തീയതി 164/29-12-2020 | 10,00,000 | 980000 | 965000 | 20000 | 20000 | 15000 | 0 |
| | 2367920 | 2318458 | 2281370 | 47358 | 32074 | 39192 | 17388 |

നികുതിയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ 37088 രൂപ (15284 GST + 21804 IT) ഊരാളുങ്കൽ സൊസൈറ്റിക്ക് അധികമായി 2019-20, 2020-21 വർഷത്തിൽ നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിച്ച് നഗരസഭ സമ്പൂർണ്ണ വിവരശേഖരണം/വസ്തുനികുതി പരിഷ്കരണം എന്നിവ പൂർത്തിയാക്കി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതും നികുതി ശരിയായി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

1)ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്. സ്ഥാപന മേധാവിയുടെ തസ്തികയും സ്ഥാപനത്തിന്റെ പേരും സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ ആകെ തൊഴിൽ നികുതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ജീവനക്കാരുടെ പേര് , തസ്തിക , ഓരോരുത്തരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ തൊഴിൽ നികുതി അടവാക്കിയ രസീത് നമ്പറുകൾ, തീയ്യതി എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇത് മൂലം പിരിച്ചെടുക്കുന്ന തൊഴിൽ നികുതി അതാത് ദിവസം തന്നെ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.മേൽ പരാമർശിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) രജിസ്റ്ററിൽ തൻ വർഷത്തെ ആകെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് എന്നിവ രേഖപ്പെടുത്തിയ സംക്ഷിപ്തം തയ്യാറാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4)വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭ പരിധിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ആകെ ഡിമാന്റ്

3179892/- രൂപയും വരവ് തുക 3102142 /- രൂപയുമാണ്(ബാലൻസ് - 77750/-). എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് തുകയും കളക്ഷൻ തുകയും 2940790 /-രൂപയാണ്. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും, രജിസ്റ്റർ പ്രകാരവും 161352/- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. മേൽ അപാകത്തിന വിശദീകരണം നൽകേണ്ടതാണ്.

5)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന 2 സ്കൂളുകളിലെ ജീവനക്കാരിൽ നിന്ന് ഒരു അർദ്ധ വർഷം മാത്രമേ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നുള്ളൂ. ഈടാക്കാത്ത അർദ്ധ വർഷത്തെ നികുതി ഡിമാൻഡ് തുകയിൽ കാണിച്ചിട്ടില്ല. കളക്ഷനായി കിട്ടുന്ന തുക എത്രയാണോ അത് തന്നെയാണ് ഡിമാൻഡ് ആയി രേഖപ്പെടുത്തിയിട്ടുള്ളത്.

| സ്ഥാപനം | തൊഴിൽ നികുതി ഈടാക്കിയ അർദ്ധ വർഷം | തുക |
|---|---|---|
| കെ.കെ.വി. മെമ്മോറിയൽ എച്ച് എസ്.എസ്. (ഹൈസ്കൂൾ വിഭാഗം) | ഒന്നാം അർദ്ധ വർഷം | 20000/- |
| പാനൂർ യു.പി. സ്കൂൾ | രണ്ടാം അർദ്ധ വർഷം | 3750/- |

6)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ട് അർദ്ധ വർഷവും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇവയിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തതായും കാണുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ കളക്ഷൻ തുക തന്നെയാണ് ഡിമാൻഡ് തുകയായി കാണിച്ചിരിക്കുന്നത്.

1. പാനൂർ വനിതാ സഹകരണ സംഘം
2. സപ്ലൈകോ സൂപ്പർ മാർക്കറ്റ് , പാനൂർ
3. കെ.വി.ആർ വെഹിക്കിൾസ്
4. അപ്പോളോ അസോസിയേറ്റ്സ്
5. ഇൻഡസ് മോട്ടോർ വെഹിക്കിൾ ഫിനാൻസ് ലിമിറ്റഡ്
6. സ്വർണ്ണ മഹൽ ജ്വല്ലറി
7.അൽ ഫിദ ദന്താശുപത്രി
8. മലബാർ ഐ ക്ലിനിക് Etc.

മേൽ അപാകങ്ങൾ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18 തീ.18-07-2022) മറുപടി ലഭ്യമായിട്ടില്ല.

വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേൺസ് , രജിസ്റ്ററിലെ അതേ ക്രമ നമ്പർ നൽകി ക്രമമായി സൂക്ഷിക്കേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യുകയും കുടിശ്ശികയുള്ള നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

മുകളിൽ പരാമർശിച്ച ചില അപാകങ്ങൾ ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോഴും കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1)2020-21 ലെ ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തതായി കാണുന്നില്ല. രജിസ്റ്റർ പ്രകാരം ഇവ ഒഴിവാക്കിയാണ് ഡിമാൻഡ് തുക കണക്കാക്കിയിട്ടുള്ളത്. പാനൂർ സോണൽ രജിസ്റ്ററിലെ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപന ഉടമ | സ്ഥാപനം | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|
| ജിഗീഷ് വി.കെ | ബാർബർ ഷോപ്പ് | 5/360 C |
| രഞ്ജിത്ത് പി | പ്ലൈ വുഡ് ഷോപ്പ് | 5/360A |
| ഹൃദുൽ എം വി | ഇന്റിമ ഫാർമസി | 5/359 |
| കെ പി വിനോദൻ | ടൈലറിംഗ് ഷോപ്പ് | 40/711 |

കരിയാട് സോണൽ രജിസ്റ്ററിലെ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപന ഉടമ | സ്ഥാപനം | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|
| കാസിം കെ പി | ഫാഷൻ മോട്ടോർസ് | 32/126 |
| അബ്ദുൾ കരിം പി കെ | ഹാർഡ് വെയർ പ്രോഡക്ട്സ് | 32/37A, 32/37B |

| | | |
|---|---|---|
| സുരേഷ് കെ കെ | വാഹന പുക പരിശോധന കേന്ദ്രം | 31/165 |
| ബാബു എൻ .കെ | എം കെ സ്റ്റോർ മിൽക്ക് ബൂത്ത് | 22/169 |

ഇത്തരത്തിൽ സ്ഥാപനങ്ങളെ ഒഴിവാക്കി ഡിമാൻഡ് തുക കണക്കാക്കിയതിന വിശദീകരണം നൽകേണ്ടതാണ്.

2)തൻ വർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് അവ പിഴ സഹിതം ഈടാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

3)രജിസ്റ്ററിൽ തൻ വർഷത്തെ ആകെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് എന്നിവ രേഖപ്പെടുത്തിയ സംക്ഷിപ്തം തയ്യാറാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനും (നം.54 തീ.23-07-2022) മറുപടി ലഭ്യമായിട്ടില്ല.

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ അപാകതകൾ പരിഹരിച്ചു കൊണ്ട് കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്.

## 1-22 നഗരസഭയുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല

നഗരസഭയിലെ ലൈസൻസ് വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായോ, ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായോ കാണുന്നില്ല.

| ക്രമ നമ്പർ | വാർഡ്, കെട്ടിട നം, | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കേണ്ടുന്ന ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | പാനൂർ സോൺ 1/88 To 101 | എൻ.കെ.മൂസ്സഹാജി | ടൂറിസ്റ്റ് ഹോം | ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല |
| 2 | 1/215 | സംഗീത്.ടി | മൊബൈൽ റിപ്പയറിംഗ് | " |
| 3 | 1/301 | എൻ.പ്രവീൺ മൊകേരി | അനാദി | " |
| 4 | 1/326 | പി.കെ.കൃഷ്ണൻ | സ്റ്റേഷനറി | " |
| 5 | 1/405a | ഷാന സന്തോഷ് | ശിവദ് ഡിജിറ്റൽ കളർ പ്രിന്റിംഗ് | " |
| 6 | 1/419 | രാജീവൻ.പി പാറക്കടവ് | ബാർബർ ഷോപ്പ് | 350 |
| 7 | 1/424 | അബ്ദുൾ ലത്തീഫ് | മൊബൈൽ വിൽപ്പനയും സർവ്വീസും | 250 |
| 8 | 1/428 | പ്രേമരാജൻ.പി | റെഡിമെയ്ഡ് ഷോപ്പ് | 300 |
| 9 | 1/431,432 | ഉഷ.കെ,പുത്തൂർ | ബ്യൂട്ടി പാർലർ | 600 |
| 10 | 1/436 E,f,g | ശ്രീജ കോയിത്താൻ | ഹോട്ടൽ | 500 |
| 11 | 1/470 | സുരേന്ദ്രൻ.ഇ എരഞ്ഞോളി | K.v സ്റ്റോക്ക് പോയിന്റ് | 600 |
| 12 | 1/494 | അശ്വതി.കെ പാനൂർ | ജ്വല്ലറി | ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല |
| 13 | 1/497 | മിൻല.ഇ.പി | ബ്യൂട്ടി പാർലർ | 600 |

| | | | | |
|---|---|---|---|---|
| 14 | 1/559 | കെ.എം.സുരേന്ദ്രൻ | മഴവിൽ സ്റ്റുഡിയോ | 400 |
| 15 | 1/663a | സനോജ്.ടി.കെ പുത്തൂർ | ഹാർഡ് വെയർ & കെമിക്കൽ | 1000 |
| 16 | 1/728 | ഷീജ.പി.വി പാനൂർ | കമ്പ്യൂട്ടർ സെന്റർ | ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല |
| 17 | 2/115 | അബ്ദുൽ അസീസ് പാനൂർ | സ്റ്റേഷനറി | 300 |
| 18 | 2/166 | ബിന്ദു.സി | അതുല്യ ഫർണ്ണിച്ചർ | 300 |
| 19 | 2/495,496 | വത്സരാജ്,പാനൂർ | വത്സരാജ് സോമിൽ | ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല |
| 20 | 4/180 | വരുൺ.വി,ഏലങ്കോട് | സ്റ്റുഡിയോ | ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല |
| 21 | 4/180a | പ്രകാശൻ.കെ | ഇലക്ട്രോണിക് സിറ്റി | " |
| 22 | 6/280 | ശശീന്ദ്രൻ.സി | വർക്ക്ഷോപ്പ് | " |
| 23 | 9/242 | ഖാദർ പുത്തൻ വീട്ടിൽ | ഹാപ്പി ഫുട് വേർ | " |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (48/23.07.22)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 വാർഷിക ധനകാര്യ പത്രികയിലെ B15 ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീ വരവിനത്തിൽ തൻവർഷത്തെ ₹8,27,010/-യും, കുടിശ്ശികയിനത്തിൽ ₹8,99,210/-യും പിരിച്ചെടുക്കാതെ അവശേഷിക്കുന്നുണ്ട്.
സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കേണ്ടതും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 ലേലം - 11,86062 രൂപ വരവിൽ കുറവ്. നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

പാനൂർ നഗരസഭയിലെ താഴെ പറയുന്ന ഇനത്തിലുള്ള പിരിവ് എടുക്കുന്നതിനുള്ള കുത്തക അവകാശം കോവിഡ് കാരണം 2020-21 വർഷത്തിൽ ലേലം ചെയ്യുന്നതിന് സാധിക്കാത്തതിനാൽ നിലവിൽ ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിന് നഗസരഭാ കൗൺസിലിന്റെ 19-03-2020 ലെ 3/2020 നമ്പർ പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. ലേല ഫയൽ, രജിസ്റ്റർ എന്നിവ ഹാജരാക്കാത്തതിനാൽ ഇതിൽ എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമായിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (44/23-07-2022) താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

| ക്രമ നമ്പർ | ലേലവിവരങ്ങൾ | ലേലം കുത്തക എടുത്ത വ്യക്തി | ലേലതുക | മറുപടി | അപാകത |
|---|---|---|---|---|---|
| 1 | പാനൂർ മത്സ്യമാർക്കറ്റ് | നൗഷാദ് പുനത്തിൽ | 279750 | കെട്ടിടം അപകടാവസ്ഥയിൽ ആയതിനാൽ 2020-21 വർഷം ലേലം നടത്തിയിരുന്നില്ല. | നിലവിൽ ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിനുള്ള ഭരണസമിതി തീരുമാനം മാത്രമാണ് ഹാജരാക്കിയത്. ഒഴിവാക്കിയ തീരുമാനം |

| | | | | | |
|---|---|---|---|---|---|
| | | | | | ഹാജരാക്കിയിട്ടില്ല. |
| 2 | കരിയാട് മത്സ്യ മാർക്കറ്റ് | നൗഫൽ | 5200 | കെട്ടിട മുറി വെള്ളം കയറി ഉപയോഗ്യ ശൂന്യമായതിനാൽ ലേലം നടന്നിട്ടില്ല. | നിലവിൽ ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിനുള്ള ഭരണസമിതി തീരുമാനം മാത്രമാണ് ഹാജരാക്കിയത്. ഒഴിവാക്കിയ തീരുമാനം ഹാജരാക്കിയിട്ടില്ല. |
| 3 | പെരിങ്ങത്തൂർ മത്സ്യമാർക്കറ്റ് | അശോകൻ | 326000 | 147000 രൂപ ഈടാക്കി | 1,79,000 ഈടാക്കിയിട്ടില്ല |
| 4 | ബസ് സ്റ്റാന്റ് പിരിവ് പാനൂർ | നിധീഷ് കെ പി | 386000 | 50032 രൂപ ഈടാക്കി | 335968 ഈടാക്കിയിട്ടില്ല |
| 5 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ കറണ്ട് ചാർജ് മെയിന്റനൻസ് ഉൾപ്പെടെ | മനോജ് കെ കെ | 43200 | കോവിഡ് മൂലം അടച്ചിട്ടു | നിലവിൽ ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിനുള്ള ഭരണസമിതി തീരുമാനം മാത്രമാണ് ഹാജരാക്കിയത്. ഒഴിവാക്കിയ തീരുമാനം ഹാജരാക്കിയിട്ടില്ല. |
| 6 | പെരിങ്ങത്തൂർ പബ്ലിക്ക് ടോയ് ലറ്റ് | മഹബൂബ് | 42244 | കെട്ടിടം അപകടാവസ്ഥയിൽ ആയിരുന്നതിനാൽ ലേലം നടന്നില്ല. | നിലവിൽ ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിനുള്ള ഭരണസമിതി തീരുമാനം മാത്രമാണ് ഹാജരാക്കിയത്. ഒഴിവാക്കിയ തീരുമാനം ഹാജരാക്കിയിട്ടില്ല. |
| 7 | കശുവണ്ടി ലേലം അവിയാട് കുന്ന് പിരിവ് കുത്തകാവകാശം | കൃഷ്ണൻ | 700 | മറുപടി നൽകിയിട്ടില്ല. | |

ലേലം വരവ് സംബന്ധിച്ച ഫയൽ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് അന്വേഷണത്തിന് (57/23-07-2022) ലഭിച്ച മറുപടി പ്രകാരമാണ് ഖണ്ഡിക തയ്യാറാക്കിയത്. കൗൺസിൽ തീരുമാന പ്രകാരം (19-03-2020 ലെ 3/2020 ) നിലവിൽ ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിന് അനുമതി നൽകിയ മേൽ പട്ടികയിലെ ക്രമനമ്പർ 1,2,5,6,7 കെട്ടിടങ്ങളുടെ ലേലം വരവ് തുകയായ 6,71,094 രൂപ പൂർണമായും ഒഴിവാക്കിയതായികാണുന്നു. ഇത് സംബന്ധിച്ച് ഏതെങ്കിലും തീരുമാനം നഗരസഭ കൗൺസിൽ, സ്റ്റാന്റിംഗ് കമ്മിറ്റി എടുത്തതായി കാണുന്നില്ല. 1999 ലെ കേരള മുനിസിപാലിറ്റി ( വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ ) ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്നിവ പാലിച്ചിട്ടില്ല. കൂടാതെ ക്രമ നമ്പർ 3,4, കെട്ടിടങ്ങളുടെ 514968 രൂപ ലഭിച്ചിട്ടില്ല. ലേലയിനത്തിൽ വരവ് വരേണ്ട 11,86062 രൂപ ( 6,71,094 +514968) കുറവ് വന്നത് ഗുരുതരമായ വീഴ്ചയാണ്. താഴ പറയുന്ന കാര്യങ്ങളിൽ വിശദമായ അന്വേഷണം ആവശ്യമാണ്.

1- ഫയൽ ലഭ്യമാക്കാത്തത് സംബന്ധിച്ച്

2- ലേലം കൊണ്ടവർക്ക് തന്നെ തുടരുന്നതിന് അനുമതി നൽകിയ കൗൺസിൽ തീരുമാനം ലേലം കൊണ്ടവരെ അറിയിച്ചിരുന്നോയെന്ന് വ്യക്തമാകുന്നതിന്.

3- ഒഴിവാക്കിയ കാലയളവിൽ ലേലം കൊണ്ടവർ പ്രസ്തുത കെട്ടിടം ഉപയോഗിച്ചിരുന്നോ എന്നും

ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ലേല തുക ഈടാക്കാത്തത് സംബന്ധിച്ച്.

കുടിശ്ശിക തുക പിരിച്ചെടുക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കാതെ 6,71,094 രൂപ ഒഴിവാക്കി കൊടുത്ത സംഗതിയിൽ വിശദമായ അന്വേഷണം നടത്തി ജീവനക്കാരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ,പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകതകൾ

നഗരസഭയുടെ പാന്നൂർ ബസ് സ്റ്റാന്റിനോട് ചേർന്ന ഷോപ്പിംഗ് കോംപ്ലക്സ്, നഗരസഭയുടെ മാർക്കറ്റിനോട് ചേർന്ന റൂമുകൾ,നഗരസഭയുടെ പെരിങ്ങത്തൂർ ടൗണിലുള്ള റൂമുകൾ എന്നിവ 2020-21 വർഷം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി നഗരസഭ കൗൺസിൽ ഉണ്ടാക്കിയ ബൈലോ അഥവാ നിയമാവലി

2. മുറികൾ വാടകയ്ക്ക് നൽകുന്നതിന് വാടകക്കാരനുമായി നഗരസഭ സെക്രട്ടറി ചമച്ച കാലികവും നിയമപ്രാബല്യവുമുള്ളതുമായ കരാർ

3-കോവിഡ് 2019 കാരണം നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ വാടക 2020 ഏപ്രിൽ മെയ് മാസങ്ങളിൽ ഒഴിവാക്കിയിട്ടുണ്ട്. വാടകയിനത്തിൽ 208737 രൂപ കുടിശ്ശികയുണ്ട്

| ക്രമ നമ്പർ | വാടകയ്ക്ക നൽകിയ റൂം നം | വാടക ക്കാരന്റെ പേര് | വാടക ഒടുക്കേണ്ട മാസങ്ങൾ | പ്രതിമാസ വാടക (വാടക+ ജി.എസ്.ടി +സെസ്സ്) | ഒടുക്കുന്നതിന് അവശേഷി ക്കുന്ന തുക | ആകെ |
|---|---|---|---|---|---|---|
| 1 | 40 /750(J) | സജീവ് കുമാർ S/o രാഘവൻ കോവുമ്മ ൽ | 06/2020 To 03-2021 | 578+104+6=688 | 688x10 | 6880 |
| 2 | 12/725 | ഇ ഗോപാലൻ മാസ്റ്റർ | 03/2021 | 554+100+6=660 | 660x1 | 660 |
| 3 | 09/704 | നാലുകണ്ടത്തിൽ സുരേഷ് ബാബു പറമ്പത്ത് താഴെ കുനിയിൽ | 09/2020 To 03-2021 | 7096+1278+71=8445 | 8445x7 | 59115 |
| 4 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | കെ പി സജിഷ് ബബു മുരിക്കോളി | 06/2020 To 03-2021 | 2857+514+29=3400 | 3400X10 | 34000 |
| 5 | 9/717 | വിധുകുമാർ കാമ്പത്ത് | 06/2020 To 03-2021 | 1380+248+14=1642 | 1642X10 | 16420 |
| 6 | 9/720 | വിധുകുമാർ കാമ്പത്ത് | 06/2020 To 03-2021 | 1126+204+ 11=1341 | 1341X10 | 13410 |
| 7 | 9/956 | കെ.യു റഷീദ് ശ്രേയസ് | 04/2019 To 03-2020 | 755+136+= 891 | 891x12 | 10692 |
| | | | 06/2020 To 03-2021 | 906+164+10=1080 | 1080x10 | 10800 |

| | | | | | | |
|---|---|---|---|---|---|---|
| 8 | | രവീന്ദ്രൻ കയ്യിൽ | 06/2020 To 03-2021 | 575+104+6=685 | 685x10 | 6850 |
| 9 | 9/725 | സിബൻ സി ചന്ദ്രോത്ത് പന്ന്യന്നൂർ | 08/2019 To 03-2020 | 479+88+= 567 | 567x8 | 4536 |
| | | | 06/2020 To 03-2021 | 575+104+6=685 | 685x10 | 6850 |
| 10 | 9/726 | സെക്രട്ടറി പ്രസ് ഫോറം | 03/2019 To 03-2020 | 479+88+5= 572 | 572x12 | 6864 |
| | | | 06/2020 To 03-2021 | 575+104+6=685 | 685x10 | 6850 |
| 11 | 9/714 | സുനിൽ കുമാർ എം എം | 03/2019 To 03-2020 | 872+158= 1030 | 1030x12 | 12360 |
| | | | 06/2020 To 03-2021 | 1046+188+11=1245 | 1245x10 | 12450 |
| | | ആകെ | | | | 208737 |

കുടിശ്ശിക തുകയായ 208737 പിഴ സഹിതം ഈടാക്കി ഒടുക്കേണ്ടതാണ്.

4- മുൻവർഷത്തെ വാടകയിൽ 20 % വർദ്ധനവ് വരുത്തിയാണ് നഗരസഭയിൽ വാടക നിർണയിക്കുന്നത്. വാടകനിർണ്ണയിച്ചതിലെ അപാകങ്ങൾ കാരണം തൻവർഷം 710 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

| 2019-20 വാടക | കെട്ടിട ഉടമയുടെ പേര് കെട്ടിട നമ്പർ | ഈടാക്കേണ്ട വാടക (വാടക+ജി.എസ്.ടി+സെസ്സ്) | ഈടാക്കിയ വാടക (വാടക+ജി.എസ്.ടി+സെസ്സ്) | വ്യത്യാസം |
|---|---|---|---|---|
| 1584 | ശ്രീ രവീന്ദ്രൻ S/o ചാത്തു (കെട്ടിട നമ്പർ 9/628) | 1901+342+19= 2262 | 1877+338+19= 2234 | 2262-2234= 28X10 =280 |
| 2255 | ശ്രീ. രവി വാച്ചാലിന്റവിട (കെട്ടിട നമ്പർ 9/711) | 2706+487+27= 3220 | 2670+480+27= 3177 | 3220-3177= 43X10=430 |

കുറവ് വന്ന തുക ഈടാക്കി ഒടുക്കേണ്ടതാണ്. വാടക നിർണ്ണയിച്ചതിലെ അപാകങ്ങൾ കാരണം വരും വർഷങ്ങളിൽ നിർണയിച്ച വാടകയിൽ കുറവുവന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

5- നഗരസഭ നിശ്ചയിച്ച പ്രതിമാസ വാടക നിരക്കിലും കുറഞ്ഞ നിരക്കിൽ ഈടാക്കിയത് കാരണം 2719 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | മാസം | ഈടാക്കിയ വാടക (വാടക+ജി.എസ്.ടി | രശീത് നമ്പർ തീയതി | ഈടാക്കേണ്ട വാടക | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|

| | | | +സെസ്സ്) | | | |
|---|---|---|---|---|---|---|
| 1 | എം രാജൻ S/o അനന്തൻ (40/750N) | 08/2020, 09/2020 | 1016+184+ 12=1212 | 120010100304/ 10-06-2020 | 1108+199+ 12=1319 | 107 |
| | | 06/2020 | 508+92+6=606 | | 554+100+6=660 | 54 |
| 2 | അനിൽ കുമാർ S/o അച്ചു (40/734) | 06/2020 07/2020 08/2020 | 4164+750+ 42=4956 | 120010100346/ 10-06-2020 | 4542+818+45=5405 | 449 |
| 3 | നാലുകണ്ടത്തിൽ സുരേഷ് ബാബു പറമ്പത്ത് താഴെ കുനിയിൽ 09/704 | 06/2020 07/2020 | 13010+2344+130=15484 | 120010100265/ 09-07-2020 | 14192+2556+142=16890 | 1406 |
| | | 08/2020 | 6505+1172+65=7742 | 120010100266/ 09-07-2020 | 7096+1278+71=8445 | 703 |
| | ആകെ | | | | | 2719 |

കുറവ് വന്ന 2719 രൂപ പിഴസഹിതം ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-25 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പാനൂർ മുനിസിപ്പാലിറ്റിയുടെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | നികുതി ഇനം | 31-3-2021 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക | |
|---|---|---|---|
| | | തൻവർഷം | മുൻവർഷം |
| 1 | വസ്തുനികുതി | ₹ 27,10,287 | 3,44,983 |
| 2 | തൊഴിൽനികുതി ട്രേഡേഴ്സ് / ഇൻസ്റ്റിറ്റ്യൂഷൻ | ₹ 22338 | |
| 3 | വാടക (From Civic Amenities) | ₹53,388 | - |
| 4 | ലൈസൻസ് ഫീ | ₹ 8,27,010 | ₹ 8,99,210 |
| 5 | സർവീസ് സെസ് | ₹3970 | - |
| 6 | സർചാർജ്ജ് (Property Tax) | ₹ 9849 | |
| 7 | | - | |
| | ആകെ | ₹3626842 | ₹ 1244193 |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി മുനിസിപ്പാലിറ്റി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടി

നൽകിയിട്ടില്ല.കുടിശ്ശിക പിരിച്ചെടുത്ത് നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിലേക്കായി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ആർജ്ജിത അവധിവേതനം അധികം നൽകി ₹4166 തിരികെ ഈടാക്കേണ്ടതാണ്

ചെക്ക് നമ്പർ തീയതി തുക – 4302/15-04-2020 ₹16666

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് KSR അനുബന്ധം എട്ടിൽ നിർദ്ദേശിച്ചവിധം പതിനഞ്ച് ദിവസത്തെ ആർജ്ജിത അവധി വേതനം മാത്രമാണ് അനുവദനീയം. എന്നാൽ സ്മേര. പി.കെ ഓവർസീയർ 20 ദിവസത്തെ അവധി ശമ്പളം അനുവദിച്ചിട്ടുണ്ട്.

| അടിസ്ഥാന വേതനം | സറണ്ടർ ചെയ്ത ദിനങ്ങൾ | കൈപ്പറ്റിയ വേതനം | 15 ദിവസത്തെ വേതനം | അധികം കൈപ്പറ്റിയത് |
|---|---|---|---|---|
| 25,000 | 20 | 16,666 | 12,500 | 4,166 |

അധികം നൽകിയ ₹4166 യുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-27 മാലിന്യ നിർമ്മാർജനം ആദായ നികുതി ഈടാക്കിയിട്ടില്ല. 1237.50 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭയിൽ ഹരിതകർമ്മ സേന ശേഖരിച്ച മാലിന്യങ്ങൾ നീക്കം ചെയ്തതിന് ശ്രീ പി എം മുഹമ്മദ് അർഷാദിന് തൻവർഷം 165000 (ചെക്ക് നമ്പർ 18207/01-07-2020 ₹82500, ചെക്ക് നമ്പർ 5577124/25-08-2020 82500) അനുവദിച്ചിട്ടുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്തതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8/11/2010 ലെ ജി ഒ(പി) 259/2010 പ്രകാരമുള്ള മാർഗരേഖ പ്രകാരം 100000 മുകളിലുള്ള സേവങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ് സേവനദാതാവിനെ കണ്ടെത്തിയത്. മാലിന്യം എത്ര ഉണ്ടെന്നത് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പി എം മുഹമ്മദ് അർഷാദിന്റെ അപേക്ഷ പ്രകാരം ഒരു ലോഡിന് 15,000 രൂപ പ്രകാരം 11 ലോഡിന് 165000 രൂപ അനുവദിക്കുകയാണ് ചെയ്തത്. ലോഡിന്റെ അളവ്, എണ്ണം എന്നിവ സംബന്ധിച്ച് മേൽനോട്ടം നടത്തിയിട്ടില്ല.

2- ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി 0.75% (കോവിഡ് കാരണം 2020-21 സാമ്പത്തിക വർഷം ആദായ നികുതിയിൽ .025% ഇളവ് അനുവദിച്ചിട്ടുണ്ട്) ഈടാക്കിയിട്ടില്ല. ഇത് കാരണം കരാറുകാരന് അധികമായി അനുവദിച്ച 165000x0.75% = 1237.5 രൂപ തിരികെ ഈടാക്കി അദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. 1237.50 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/15-07-2022) മറുപടി നൽകിയിട്ടില്ല.

## 1-28 ടെക്നിക്കൽ അസിസ്റ്റന്റ് - ആർജ്ജിത അവധി വേതനം അധികം നൽകിയ 3642 രൂപ നിരാകരിക്കുന്നു.

KSR അനുബന്ധം 8 പ്രകാരം കരാർ ജീവനക്കാർക്ക് ഒരുവർഷം ആർജിക്കാവുന്ന പരമാവധി ആർജ്ജിതാവധി പതിനഞ്ച് ദിവസം മാത്രമാണ്. നഗരസഭയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീമതി ദിവ്യശ്രീ ടി.എസ് ടെക്കനിക്കൽ അസിസ്റ്റന്റിന് 20 ദിവസം ആർജിതാവധി ശമ്പളം അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നമ്പർ തീയതി തുക – 4302/15-04-2020 ₹14567

| അടിസ്ഥാന വേതനം | സറണ്ടർ ചെയ്ത ദിനങ്ങൾ | കൈപ്പറ്റിയ വേതനം | 15 ദിവസത്തെ വേതനം | അധികം കൈപ്പറ്റിയത് |
|---|---|---|---|---|
| 21850 | 20 | 14567 | 10925 | 3642 |

അധികം നൽകിയ 3642 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-29 കലക്റ്റേഴ്സ് അറ്റ് സ്കൂൾ സ്ഥാപിച്ചതിലെ അപാകങ്ങൾ. 21677 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെക്ക് നമ്പർ തീയതി തുക -550929/ 08- 10-2020 ₹ 63600

ഫയൽ നമ്പർ H 9174/2020

അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ സ്കൂളുകളിൽ കലക്റ്റേഴ്സ് അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി മിനി എം സി എഫ് കിയോസ്ക് 12 എണ്ണം സ്ഥാപിച്ചതിന് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, തളാപ്പ്, കണ്ണൂരിന് 63600 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1- പ്രോജക്ടിന്റെ ഭാഗമായല്ല തുക ചെലവഴിച്ചത്

2- 12 യൂണിറ്റുകളുടെ തുക കൈമാറിയിരുന്നെങ്കിലും ഗവൺമെന്റ് യു പി സ്കൂൾ കരിയാട് ( 4 എണ്ണം) , ഗവൺമെന്റ് യു പി സ്കൂൾ പുതുശ്ശേരി ( 4 എണ്ണം), ആകെ 8 എണ്ണം കൈപറ്റിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. നാലെണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3- സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/27-07-2022)മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം ആദായ നികുതി ഇനത്തിൽ കുറവ് വന്ന 63600 X0.75%= 477 രൂപയും, വിതരണ രേഖകൾ ഹാജരാക്കാത്ത 4 മിനി എം സി എഫ് കിയോസ്കിന്റെ വിലയായ 63600x4/12= 21200 രൂപയും ഉൾപ്പടെ 21677 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കിയും, ആദായ നികുതി ഈടാക്കി ഒടുക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 പങ്കാളിത്ത പെൻഷൻ വിഹിതം കുറഞ്ഞ നിരക്കിൽ ഈടാക്കിയത് സംബന്ധിച്ച്

ചെക്ക് നമ്പർ തീയതി തുക- 5577702/16-02-2021 ₹307158

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെയും, റഗുലർ ജീവനക്കാരുടെയും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കേണ്ട നിരക്കിനേക്കാൾ (അടിസ്ഥാനശമ്പളം + ക്ഷാമബത്തയുടെ 10%) കുറഞ്ഞ നിരക്കിലാണ് ഈടാക്കിയത്. ഇത് കാരണം ജീവനക്കാരുടെ വിഹിതവും, സ്ഥാപനവിഹിതവും കുറഞ്ഞ നിരക്കിലാണ് ഒടുക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | മാസം | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | ഈടാക്കേണ്ട പങ്കാളിത്ത പെൻഷൻ വിഹിതം | ഈടാക്കിയ പങ്കാളിത്ത പെൻഷൻ വിഹിതം | |
|---|---|---|---|---|---|---|---|---|
| 1 | ശ്രീമതി. ഷീജ പി സാനിറ്റേഷൻ വർക്കർ | 04/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 05/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 06/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 07/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 08/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | | | | | 10200 | 8202 | 1998 |
| 2 | ശ്രീ. ശ്രീധരൻ പൂവൻ സാനിറ്റേഷൻ വർക്കർ | 04/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 05/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 06/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 07/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 08/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | | | | | 10200 | 8202 | 1998 |
| 3 | ശ്രീ ജഗദീശൻ | 04/2020 | 17000 | 3400 | 20400 | 2040 | 1632 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എം എം സാനിറ്റേഷൻ വർക്കർ | | | | | | | |
| | | 05/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 06/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 07/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 08/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | | | | | 10200 | 8202 | 1998 |
| 4 | ശ്രീ അനിൽ ആർ സാനിറ്റേഷൻ വർക്കർ | 04/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 05/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 06/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 07/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 08/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | | | | | 10200 | 8202 | 1998 |
| 5 | ശ്രീമതി. ഷൈജ ടി കെ സാനിറ്റേഷൻ വർക്കർ | 04/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 05/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 06/2020 | 17000 | 3400 | 20400 | 2040 | 1632 | |
| | | 07/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | 08/2020 | 17000 | 3400 | 20400 | 2040 | 1646 | |
| | | | | | | 10200 | 8202 | 1998 |
| 6 | ശ്രീ രതീഷ് ടി കെ ജെ എച്ച് ഐ ഗ്രേഡ് II | 04/2020 | 19980 | 3996 | 23976 | 2398 | 1918 | |
| | | 05/2020 | 22200 | 4440 | 26640 | 2664 | 2149 | |
| | | 06/2020 | 22200 | 4440 | 26640 | 2664 | 2132 | |
| | | 07/2020 | 22200 | 4440 | 26640 | 2664 | 2149 | |
| | | 08/2020 | 22200 | 4440 | 26640 | 2664 | 2149 | |
| | | | | | | 13054 | 10497 | 2557 |
| 7 | ശ്രീ കുഞ്ഞികണ്ണൻ കെ കെ ജെ എച്ച് ഐ ഗ്രേഡ് II | 04/2020 | 19980 | 3996 | 23976 | 2398 | 1918 | |
| | | 05/2020 | 22200 | 4440 | 26640 | 2664 | 2149 | |
| | | 06/2020 | 22200 | 4440 | 26640 | 2664 | 2132 | |
| | | 07/2020 | 22200 | 4440 | 26640 | 2664 | 2149 | |
| | | 08/2020 | 22200 | 4440 | 26640 | 2664 | 2149 | |
| | | | | | | 13054 | 10497 | 2557 |
| | ആകെ | | | | | | | 15104 |

കുറഞ്ഞ നിരക്കിൽ പങ്കാളിത്തപെൻഷൻ ഈടാക്കിയത് കാരണം കുറവ് വന്ന 15104 രൂപ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കി സ്ഥാപന വിഹിതം ഉൾപ്പെടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-31 ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പൊതു അവധി ദിവസങ്ങളിൽ വേതനം അനുവദിക്കുന്നത് സംബന്ധിച്ച്

ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പൊതു അവധി ദിവസങ്ങളിൽ വേതനം അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസങ്ങളിൽ ജോലിക്ക് നിയോഗിച്ചതിന്റെ നിയമന ഉത്തരവ് ഇല്ലാതെ അവധി ദിവസങ്ങളിൽ ജോലി ചെയ്തവർക്ക് വേതനം അനുവദിക്കുന്നത് ശരിയായ നടപടിയല്ല. അവധി ദിവസങ്ങളിൽ ദിവസവേതനക്കാർക്ക് വേതനം അനുവദിക്കുമ്പോൾ ചെയ്യേണ്ട ജോലി സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ വേതനം നൽകേണ്ടതുമാണ്.

## 1-32 ദിവസവേതനം അധികം നൽകിയത് 830 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ചെക്ക് നമ്പർ തീയതി തുക: 5577055/12-05-2020, ₹22410

ദിവസവേതനാടിസ്ഥാനത്തിൽ പാനൂർ കുടുംബ ആരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്ത ശ്രീമതി. പ്രിയങ്ക എം പി

ഫാർമസിസ്റ്റിന് 2020 ഏപ്രിൽ മാസം ജോലിചെയ്തതിന് പ്രതിദിനം ₹830 നിരക്കിൽ 27 ദിവസം ജോലി ചെയ്തതിന് ₹22410 അനുവദിച്ചിട്ടുണ്ട്. ജീവനക്കാരി ഏപ്രിൽ മാസം 4 ദിവസം ജോലിക്ക് ഹാജരായിട്ടില്ല. ഏപ്രിൽ മാസം 31 ദിവസം കണക്കാക്കിയാണ് തുക അനുവദിച്ചത്. ഇത് കാരണം ഒരു ദിവസത്തെ വേതനം ₹830 അധികമായി നൽകിയിട്ടുണ്ട്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/21-07-2022) മറുപടി നൽകിയിട്ടില്ല. ₹830യുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-33 മുൻകൂർ ക്രമീകരിക്കാത്തത്

B-18 ഷെഡ്യൂളിലെ മിസലേനിയസ് മുൻകൂറിൽ ₹ 16,11,579 ഉം, ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ₹4,000 വും അഡ്വാൻസ് അദേഴ്സിൽ 55,000 വും ക്രമീകരിക്കുവാൻ ബാക്കിയുണ്ട്. മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക ഏതാണെന്നും, ഏത് വർഷം മുതൽ നൽകിയതാണെന്നും, ഇത് വരെയായും ക്രമീകരിക്കാത്തതിന്റെ കാരണവും വ്യക്തമല്ല. KFC Volume 1-Article 99, സർക്കാർ ഉത്തരവ് (പി)നം.419/11/ഫിൻ തീയതി 4.10.2011 പ്രകാരം മുൻകൂർ നൽകിയ തുക 3 മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ലെങ്കിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് മേൽ തുകകൾ ക്രമീകരിക്കേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടത്

B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹30,56,504 നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റുകൾ ലഭിച്ചതും ക്രമീകരിച്ചതും നിരീക്ഷിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഡെപ്പോസിറ്റുകൾ ക്രമീകരിക്കുമ്പോൾ ക്രമക്കേട് സംഭവിക്കാൻ ഇടയുണ്ട്. ഒറിജിനൽ രശീതി തിരികെ വാങ്ങി അടച്ച ആൾക്ക് ഡെപ്പോസിറ്റ് തിരിച്ച് കൊടുക്കുമ്പോൾ രശീതി നം. & തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം നഗരസഭ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്(കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ). ഇവ നിരീക്ഷിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-35 വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തിയിട്ടില്ല.

18.04.2000 ലെ ജി.ഒ.(പി) നം.819/2000/ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തിയിട്ടില്ല.

| നമ്പർ | വാഹന നമ്പർ | ഇൻഷ്വർ ചെയ്ത സ്ഥാപനം | ചെക്ക് നമ്പർ തീയതി | തുക |
|---|---|---|---|---|
| 1 | KL 58 T 9226 (BOLERO) | നാഷനൽ ഇൻഷ്വറൻസ് കമ്പനി | 019531/12-11-2020 | 17787 |
| 2 | KL 58 AD 5751 MARUTHI CIAZ | റോയൽ സുന്ദരം അലയൻസ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 23-10-2020(online Transfer | 12480 |

അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/21-07-2022) ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കുന്നതിൽ കാലതാമസമുള്ളതിനാലാണ് അടുത്തുള്ള സ്വകാര്യ കമ്പനിയെ ആശ്രയിച്ചതെന്ന മറുപടി തൃപ്തികരമല്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-36 പെൻഷൻ ഫണ്ട്- അവലോകനം

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2), 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എല്ലാമാസവും ശമ്പളം പിൻവലിക്കുന്നതൊടൊപ്പം മൊത്ത ശമ്പളത്തിന്റെ 15% വരുന്ന തുക

സെൻട്രൽ ഫണ്ടിലേക്ക് ഒടുക്കണമെന്നാണ് വ്യവസ്ഥ. ആയത് പാലിക്കേണ്ടതാണ്. നഗരസഭയിൽ ആകെ ഒരു ജീവനക്കാരൻ മാത്രമാണ് പെൻഷൻ വാങ്ങുന്നത്. പ്രസ്തുത പെൻഷനർക്ക് അടിസ്ഥാന പെൻഷൻ തുകക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് പകരം കമ്മ്യൂട്ടേഷൻ തുക കുറച്ചതിന് ശേഷമുള്ള തുകക്കാണ് ക്ഷാമബത്ത അനുവദിക്കുന്നത്. ഇക്കാര്യം പരിശോധിച്ച് പെൻഷനർക്ക് അർഹതയുള്ള പെൻഷൻ അനുവദിക്കേണ്ടതാണ്. തൻവർഷം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 201721 രൂപ ലഭിച്ചിട്ടുണ്ട്.

## 1-37 തനത് ഫണ്ട് വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

നഗരസഭയിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിക്കുന്നതിന് ഉതകുന്നവിധത്തിൽ രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1- കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 15 (3) പ്രകാരം സ്ഥാപനത്തെ ബാധിക്കുന്ന എല്ലാ ചെലവുകളും ചെയർ പേഴ്സൺ അധികൃതമാക്കേണ്ടതാണ്. ഈ നിബന്ധന പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

2 "സാംഖ്യ" സോഫ്റ്റ് വെയറിൽ നിന്ന് ജനറേറ്റ് ചെയ്ത വൗച്ചർനമ്പർ സഹിതമുള്ള പേമെന്റ് ഓർഡർ വൗച്ചറുകളോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

3- വൗച്ചറുകൾ നമ്പർ ക്രമത്തിൽ അടുക്കി സൂക്ഷിച്ചിട്ടില്ല.

4- വൗച്ചറുകളിൽ ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5- കാഷ് ബുക്കിൽ ഫയൽ നമ്പർ എഴുതിയിട്ടില്ല.
അപാകങ്ങൾ കാരണം വൗച്ചറുകൾ പൂർണ്ണമായും പരിശോധനക്ക് ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. വൗച്ചറുകൾ ഫയൽ നമ്പർ രേഖപ്പെടുത്തി ക്രമത്തിൽ അടുക്കി സൂക്ഷിക്കേണ്ടതും, വൗച്ചർ നമ്പർ സഹിതമുള്ള പേമെന്റ് ഓർഡർ വൗച്ചറുകളോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

## 1-38 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 2/21 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് |
| ചെലവ് | ₹ 100000 |
| ബിൽ നമ്പർ/തീയതി | 20220747003000605163/09-10-2020 |

മേൽ പ്രൊജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹100000 നൽകിയിട്ടുണ്ട്.തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/21-07-2022) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-39 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല- ₹858954 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 167/21,തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹1000000ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹808450<br>314/18-03-2021<br>₹50504<br>316/18-03-2021<br>₹858954 |

പെരിങ്ങത്തൂർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന്റെ എസ്റ്റിമേറ്റ് പ്രകാരം ₹808450 ഉം ചൊക്ലി ഇലക്ട്രിക്കൽ സെക്ഷന്റെ എസ്റ്റിമേറ്റ് പ്രകാരം ₹50504 ഉം അനുവദിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ കെ.എസ്.ഇ.ബി യുമായുണ്ടാക്കിയ കരാർ, ബന്ധപ്പെട്ട സെക്ഷൻ തുക കൈപ്പറ്റിയതിന്റെ രേഖ, മുഴുവൻ തുകയും വിനിയോഗിച്ചതിന്റെ രേഖ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/20-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹858954 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കലും സ്ഥാപിക്കലും രേഖകൾ ഹാജരാക്കിയിട്ടില്ല- ₹847534യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 233/21,തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹911199ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹847534<br>20220747003000137413/11-04-2020 |

പെരിങ്ങത്തൂർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന് ₹460140 ഉം പാനൂർ ഇലക്ട്രിക്കൽ സെക്ഷന് ₹387394 ഉം അനുവദിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ കെ.എസ്.ഇ.ബി യുമായുണ്ടാക്കിയ കരാർ,ബന്ധപ്പെട്ട സെക്ഷൻ തുക കൈപ്പറ്റിയതിന്റെ രേഖ, തുക വിനിയോഗിച്ചതിന്റെ രേഖ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/23-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹847534 തടസ്സപ്പെടുത്തുന്നു. മുഴുവൻ തുകയും വിനിയോഗിച്ചതന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-41 തെരുവ് വിളക്ക് ലൈൻ വലിക്കൽ- വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-₹186912 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 293/21,തെരുവ് വിളക്ക് ലൈൻ വലിക്കൽ |
| അടങ്കൽ | ₹236925ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹186912<br>20220747003001320863/22-03-2021 |

പെരിങ്ങത്തൂർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന്റെ എസ്റ്റിമേറ്റ് പ്രകാരം തെരുവ് വിളക്ക് ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി. പെരിങ്ങത്തൂർ സെക്ഷന്റെ പേരിലുള്ള 6738223605 നമ്പർ അക്കൗണ്ടിലേക്കാണ് മേൽ തുക നിക്ഷേപിച്ചത്. എന്നാൽ കെ.എസ്.ഇ.ബി യുമായുണ്ടാക്കിയ കരാർ, ബന്ധപ്പെട്ട സെക്ഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ, തുക വിനിയോഗിച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/20-07-2022) മറുപടി ലഭ്യമാക്കുകയോ വിനിയോഗ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹186912 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 ശുചീകരണ ആവശ്യങ്ങൾക്ക് വാഹനം വാങ്ങൽ - അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ/പേര് | 294/21,ശുചീകരണ ആവശ്യങ്ങൾക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 1000000 വികസന ഫണ്ട്,ജനറൽ |
| ചെലവ് | 976190<br>20220747003001241375/12-03-2021 |

ഹെൽത്ത് വിഭാഗത്തിലേക്ക് ശുചീകരണ ആവശ്യങ്ങൾക്ക് വാഹനം വാങ്ങുന്നതിനായി GeM വെബ്സൈറ്റ് വഴി IZUZU MOTORS INDIA PRIVATE LIMITED എന്ന കമ്പനിയിൽ നേരിട്ട് ഓർഡർ ചെയ്ത് വാഹനം വാങ്ങുകയാണുണ്ടായത്. വാഹനം വാങ്ങുന്നതിന് തുക ചെലവഴിച്ചത് താഴെ പറയും പ്രകാരമാണ്.

1. വാഹനത്തിന്റെ കമ്പനി വില – 963933 (28% IGST ഉൾപ്പെടെ)

2. ഫ്രൈറ്റ് ചാർജ് – 12257 (28% IGST ഉൾപ്പെടെ)

1. വാഹനം വാങ്ങിയതു സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. സർക്കാർ ഉത്തരവുകളായ ജി.ഒ.(ആർ.ടി)67/2017/എസ്.പി.ഡി. തീയതി 25.11.2017, ജി.ഒ.(പി)നം.442/2012/ ഫിൻ. തീയതി 08.8.2012 എന്നിവ അനുസരിച്ച് സർക്കാർ സ്ഥാപനങ്ങൾ വാഹനം വാങ്ങുമ്പോൾ ധനകാര്യ വകുപ്പിന്റെ സാധൂകരണത്തോടെ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി തേടിയിരിക്കണം. എന്നാൽ വാഹനം വാങ്ങിയതിന്റെ ഫയലിൽ സർക്കാരിൽ നിന്ന് ലഭ്യമായ മുൻകൂർ അനുമതിയുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല.
2. കസ്റ്റോഡിയൻ ഓഫീസറുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യക്കിയിട്ടില്ല.

2. വാഹനം വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, വാഹനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ബൈലോ, (വാഹനത്തിന്റെ സൂക്ഷിപ്പ്, ഉടമസ്ഥാവകാശം, വാടക, മെയിന്റെനൻസ്, ഡീസൽ ചാർജ് ഒടുക്കൽ, ഡ്രൈവറുടെ നിയമനവും വേതനം നൽകലും, വാഹന സംബന്ധമായ മറ്റ് ചെലവുകൾ) എന്നിവയുടെ വിവരം ലഭ്യമല്ല.

3. വാഹനത്തിന്റെ വില A/c.No. 009970 (IFSC Code BOTMOCN3615) നമ്പർ അക്കൗണ്ടിലേക്കാണ് കൈമാറിയത്. എന്നാൽ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

4. ആരോഗ്യം,ശുചിത്വം(മാലിന്യ പരിപാലനം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനം ലഭ്യമല്ല.
5. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

2. 1ജി.എസ്.ടി-ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

2017 ലെ ചരക്ക് സേവന നികുതി ആക്ടിലെ സെക്ഷൻ 51(1) പ്രകാരം ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നമ്പർ 50/2018 – സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ജി.എസ്.ടി ഒഴികെയുള്ള ബിൽ തുകയിൽ നിന്ന് 2% നിരക്കിൽ ജി.എസ്.ടി ടി.ഡി.എസ് ചെയ്തിട്ടില്ല. ഇപ്രകാരം ജി.എസ്.ടി-ടി.ഡി.എസ് ചെയ്യാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/21-07-2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-43 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - ₹1405831 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-2021 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ഫണ്ടിനം | ചെലവ് | ബിൽ നമ്പർ/ തീയതി (ഏ.സി. ആർ പ്രകാരം) |
|---|---|---|---|---|---|
| 1 | 223/21, എസ്.സി.ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് യൂറോപ്യൻ ക്ലോസറ്റ് (സ്പിൽ ഓവർ) | ₹155000 | വികസന ഫണ്ട്,എസ്.സി.പി | ₹77500 | 13/11-04-2020 |
| 2 | 220/21,എസ്.സി വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കട്ടിൽ വിതരണം (സ്പിൽ ഓവർ) | ₹150000 | വികസന ഫണ്ട്,എസ്.സി.പി | ₹128700 | 19/11-04-2020 |
| 3 | 221/21,എസ്.സി പെൺകുട്ടികൾക്ക് | ₹150000 | വികസന ഫണ്ട്,എസ്.സി.പി | ₹150000 | 75000 14/11-04-2020 |

| | | | | | |
|---|---|---|---|---|---|
| | വിവാഹ ധനസഹായം (സ്പിൽ ഓവർ) | | | | 75000 18/11-04-2020 |
| 4 | 218/21,എസ്.സി വിദ്യാർത്ഥി കൾക്ക് ലാപ് ടോപ് വിതരണം (സ്പിൽ ഓവർ) | ₹375000 | വികസന ഫണ്ട്,എസ്.സി.പി | ₹357357 | 17/11-04-2020 |
| 5 | 222/21,എസ്.സി വീട് വാസയോഗ്യ മാക്കൽ (സ്പിൽ ഓവർ) | ₹1011680 | വികസന ഫണ്ട്,എസ്.സി.പി | ₹682213 | 82213 12/11-04-2020<br>150000 57/20-05-2020<br>450000 222/22-02-2021 |
| | | ₹16000 | തനത് ഫണ്ട് | ₹10061 | ചെക്ക് നമ്പർ/തീയതി 5577176/24-12-2020 |
| | | | ആകെ | ₹1405831 | |

മുകളിൽ കൊടുത്ത ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/23-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹1405831 തടസ്സപ്പെടുത്തുന്നു.

## 1-44 നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി- രേഖകൾ ഹാജരാക്കിയിട്ടില്ല-₹73040യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 3/21,നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി |
| അടങ്കൽ | ₹85000 തനത് ഫണ്ട് |
| ചെലവ് | ₹73040<br>3128507601200032/13-11-2020 |

നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി വെക്കുന്നതിനായി അഫിനിറ്റി ഐ.ടി സിസ്റ്റംസ് എന്ന സ്ഥാപനത്തിന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി മേൽ സ്ഥാപനവുമായി ഏർപ്പെട്ട കരാർ
2. പഞ്ചായത്തിലെ Hardware Repair And Maintanance രജിസ്റ്റർ & കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ
3. പ്രൊജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട്

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/20-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹73040 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-45 വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല ₹ 18,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 230/21,വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ | 5/2021,വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ |
| അടങ്കൽ | ₹900000<br>വികസന ഫണ്ട്,ജനറൽ | ₹900000<br>വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹ 900000<br>20220747003000031511/<br>11-04-2020 | ₹900000<br>20220747003000600193/<br>08-10-2020 |

വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ എന്ന പ്രൊജക്ടിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്.ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. മേൽ പ്രൊജക്ട് പ്രകാരം വയോജനങ്ങൾക്കായി നഗരസഭയിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന വിവരം.

2. സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ

3. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം.

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/21-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1800000 (₹900000 + ₹900000) തടസ്സപ്പെടുത്തുന്നു.

## 1-46 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതപ്പെട്ട ആനുകൂല്യം നൽകിയിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 08/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1800000 (വികസന ഫണ്ട്,ജനറൽ ) |
| ചെലവ് | ₹1726200 |

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2020-21 വർഷം ₹1726200 ചെലവഴിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ₹19000 വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹28500 അനുവദിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/18-07-2022) 2021-22 സാമ്പത്തിക വർഷത്തിൽ ബാലൻസ് തുകയായ ₹9000യും ചേർത്ത് ₹28000 നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം സമയബന്ധിതമായി അനുവദിക്കുന്നതിന് ആവശ്യമായ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-47 എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല- ₹353977 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 74/2021, എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം |
| അടങ്കൽ | ₹375000 വികസന ഫണ്ട്,എസ്.സി.പി |
| ചെലവ് | ₹353977<br>20220747003001325538/23-03-2021 |

പ്രൊഫോർമ ഇൻവോയ്സ് 25189/20-21/19-03-2021 പ്രകാരം ഐ.ടി മിഷന് മുൻകൂർ നൽകുന്നതിനാണ് തുക ചെലവഴിച്ചത്. എന്നാൽ ഒറിജിനൽ ക്യാഷ് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, ലാപ് ടോപിന് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/21-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹353977 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-48 എസ്.സി വിഭാഗത്തിൽ പെട്ട എൽ.പി,യു.പി വിദ്യാർത്ഥികൾക്ക് മേശ,കസേര വിതരണം - ₹149910 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 219/2021, എസ്.സി വിഭാഗത്തിൽ പെട്ട എൽ.പി,യു.പി വിദ്യാർത്ഥികൾക്ക് മേശ,കസേര (സ്പിൽ ഓവർ) |
| അടങ്കൽ | ₹150000 വികസന ഫണ്ട്,എസ്.സി.പി |
| ചെലവ് | ₹149910<br>20/11-04-2020 |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. ട്രഷറി ബി
2. മേശ, കസേര എന്നിവ ഏത് സ്ഥാപനത്തിൽ നിന്ന് വാങ്ങിയെന്നതിന്റെ രേഖകൾ (ഇൻവോയ്സ്,ക്യാഷ് ബില്ല്)
3. ടെണ്ടർ നോട്ടീസ് ഫയലിലുണ്ടെങ്കിലും ഏതൊക്കെ സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തതെന്ന് വ്യക്തമല്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/23-07-2022) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹149910 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-49 വീട് വാസയോഗ്യമാക്കൽ (എസ്.സി)- രേഖകൾ ഹാജരാക്കിയിട്ടില്ല-₹10,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 81/2021,വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | ₹1050000 വികസന ഫണ്ട്,എസ്.സി.പി |
| ചെലവ് | ₹1050000 വികസന ഫണ്ട്,എസ്.സി.പി |

.

| ക്രമ നമ്പർ | പിൻവലിച്ച തുക/ബിൽനമ്പർ /തീയതി | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | ₹450000<br>20220747003001127620/22-02-2021 | വിനോദൻ.കെ<br>കരുണൻ.കെ.കെ<br>രഞ്ജിനി.പി.വി | ₹150000<br>₹150000<br>₹150000 |
| 2 | ₹450000<br>20220747003001350636/25-03-2021 | മാധവി.പി.പി<br>എം.പി.കെ ബാലൻ<br>കിടാരന്റവിട അനിൽകുമാർ | ₹150000<br>₹150000<br>₹150000 |
| 4 | ₹150000<br>20220747003001354622/25-03-2021 | രാജൻ കോവുമ്മൽ | ₹150000 |
| | ആകെ | | ₹10,50,000 |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്
2. ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ

3. മോണിറ്ററിംഗ് റിപ്പോർട്ട്

മുകളിൽ കൊടുത്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/21-07-2022) മറപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹10,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-50 0.1% ടെണ്ടർ ബിലോ കുറവ് വരുത്തിയിട്ടില്ല.300 രൂപയുടെ നഷ്ടം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 263/20-21<br>അണിയാരം ശിവക്ഷേത്രം ചാലിയോട്ട്റോഡ് റീടാറിംഗ് |
| എസ്റ്റിമേറ്റ് തുക | 300000 |
| ബിൽ നംപർ,തീയതി,ചെലവ് തുക | 4600297689 തീയതി 25-5-20 299855 |
| കരാറുകാരന്റെ പേര് | സി.ടി.സുരേഷ്ബാബു |
| എം ബുക്ക് നംപർ | 32/-2019 |

മേൽ പ്രവൃത്തിയുടെ കരാറുകാരനായ സി.ടി.സുരേഷ്ബാബു 0.1% ബിലോ ടെണ്ടർ ആണ് സമർപ്പിച്ചത് .എന്നാൽ ബിൽ പ്രകാരം ആയത് കുറവ് വരുത്തിയിട്ടില്ല. ആയതിനാൽ 300 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 299855

ടെണ്ടർ ബിലോ 0.1% - 300

ആകെ അനുവദിക്കേണ്ട തുക - 299555

വ്യത്യാസം - 300 രൂപ

അധികമായി അനുവദിച്ച തുക 300 രൂപ തിരികെ ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15 /16.7.2022) മറുപടി ലഭ്യമാക്കിട്ടില്ല.

## 1-51 ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയുടെ 18% ജിഎസ് ടി തുക ഈടാക്കി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര്,നമ്പർ | കരാറുകാരന്റെ പേർ | ബിൽ നമ്പർ തുക | എം ബുക്ക് ബാരലിന്റെ വില | ഈടാക്കേണ്ടുന്ന ജി എസ് ടി തുക |
|---|---|---|---|---|---|
| 1 | 246/2020-21 പാനൂർ വില്ലേജ് ഓഫീസ് നാറാണത്ത് പറമ്പ് റോഡ് റീടാറിംഗ് | മുഹമ്മദ് സലിം.ഇ | 4600077905 18-4-20 - 296617 | 20/19-20 2618 | 471 |
| 2 | 226/20-21 ചീളിൽതാഴേ വെള്ളരി റോഡ് ടാറിംഗ് | കുഞ്ഞിക്കണ്ണൻ.ടി.കെ | 4601649188 30/3/20 - 397864 | 49/18-19 1904 | 343 |
| 3 | 312/20-21 കാരോള്ളതിൻ മുക്ക് തയ്യുള്ളതിൽ മുക്ക് റോഡ് ടാറിംഗ് | അരവിന്ദാക്ഷൻ | 4601494300 437630 | 44/18-19 1666 | 300 |

| | | | | | |
|---|---|---|---|---|---|
| 4 | 106/20-21<br>കടയങ്കോട് വമ്മേരി മുക്ക് റോഡ് റീടാറിംഗ് | ശരത് കുമാർ.വി.പി | 4601382500<br>29/2/20<br>200000<br>4600656412<br>23/10/20<br>100000<br>Ownfund<br>195285 | 48/18-19<br>4160 | 320<br>(₹749ൽ ₹429 ഈടാക്കിയിട്ടുണ്ട്) |
| 5 | 268/20-21<br>ബാലൻ പീടിക പീടികയുള്ളതിൽ റാബിയത്ത് മുക്ക് റോഡ് റീ ടാറിംഗ് | ശരത് കുമാർ.വി.പി | 4600292504<br>25/6/20 -<br>394199 | 33/19-20<br>4760 | 857 |
| 6 | 303/20-21<br>NAM റോഡ് റീടാറിംഗ് | മുഹമ്മദ് സലിം | 46006606398<br>27/10/20 -<br>245987 | 39/19-20<br>2380 | 428 |
| 7 | 62/21<br>കൊടക്കാട് സ്രാമ്പി കൊളായി റോഡ് റീടാറിംഗ് | എം.ബാലൻ | 4601283560<br>18/3/21 | 37/21<br>3332 | 600 |
| 8 | 20/20-21<br>കൊട്ടാരത്ത് ലക്ഷം വീട് റോഡ് റീ ടാറിംഗ് | മുഹമ്മദ് സലിം | 4601234109<br>12/3/21<br>395923 | 3570 | 643 |
| 9 | 68/21 നാങ്കണ്ടി താഴേ റോഡ് റീടാറിംഗ് | രഞ്ജിത്കുമാർ.കെ.എം | 4601445335<br>30/3/21<br>200000<br>197438<br>Ownfund | 74/20-21<br>1666 | 300 |
| 10 | 29/20-21 രാമന്റവിട കൊല്ലന്റവിട മുക്ക് റോഡ് ടാറിംഗ് | ഷിജിൻ .എൻ.കെ | 4601457726<br>31-3-21 | 78/20-21<br>2618 | 471 |
| 11 | 89/21 പുതിയപീടിക മഠത്തും താഴേ റോഡ് റീ ടാറിംഗ് | രഞ്ജിത്കുമാർ കെ.എം | 4601457727<br>31-3-21<br>144266 | 77/20-21<br>3332 | 600 |
| 12 | 35/20-21<br>വണ്ണാത്താൻവീട് തന്തം പറമ്പ് റോഡ് റീടാറിംഗ് | ഷിജിൻ .എൻ.കെ | 4601411659<br>29-3-21<br>397043 | 66/20-21<br>2380 | 428 |
| 13 | 31/20-21<br>ചെറുവാൽമുക്ക് സ്കൂള് റോഡ് ടാറിംഗ് | അജയകുമാർ.സി.ടി | 4601427630<br>29/3/21 | 69/20-21<br>2618 | 471 |
| 14 | 65/20-21<br>കഞ്ഞിപറമ്പത്ത് മുക്ക് കറിയാത്ത് താഴേ റോഡ് ടാറിംഗ് | അന്യൂപ് കുമാർ കെ.പി എം | 460144656<br>30-3-21<br>200000<br>Ownfund | 75/20-21<br>1904 | 343 |

| | | | | | |
|---|---|---|---|---|---|
| | | | 194595 | | |
| 15 | കെറ്റേരിമുക്ക് പുനത്തിൽ റോഡ് റീടാറിംഗ് | അജയകുമാർ.സി.ടി | 4601411656<br>28-3-21<br>200000<br>Ownfund<br>126675 | 60/20-21<br>2142 | 386 |
| 16 | 250/21ഉണ്ടായിമുക്ക് വട്ടപറമ്പ് റോഡ് ടാറിംഗ് | എം.ബാലൻ | 4601162968<br>26/2/21<br>267511 | 2142 | 386 |
| 17 | 277/20-21 തിരിച്ചടിമുക്ക് പിഎംയുപി സ്കൂൾ റോഡ് റീടാറിംഗ് | എം.ബാലൻ | 4601162975<br>26-2-21<br>495977 | 3332 | 600 |
| 18 | 112/21അണിയാരം ശിവക്ഷേത്രം മുട്ടംകാവ് റോഡ് റീടാറിംഗ് | എം.ബാലൻ | 4601411653<br>28/3/21<br>250000<br>Ownfund<br>28.3.21<br>196703 | 2618 | 471 |
| 19 | 33/20-21 കുഞ്ഞിതയ്യുള്ളതിൽ പാറക്കണ്ടി റോഡ്റീടാറിംഗ് | അജയകുമാർ.സി.ടി | 4601411654<br>28/3/21<br>324068 | 3094 | 557 |
| ഒഴിഞ്ഞ ടാർ ബാലിന്റെ GST ഇനത്തിൽ ഒടുക്കു വരുത്തേണ്ടുന്ന ആകെ തുക | | | | | ₹8975 |

തുക ഈടാക്കി ജി എസ് ടി അക്കൗണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 41/22-7-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-52 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ ശരിയായ കണക്ക് ഉണ്ടാക്കുന്നതിനും അവയുടെ കൃത്യമായ പരിപാലനം ഉറപ്പു വരുത്തുന്നതിനും ഇത് അത്യാവശ്യമാണ്. ഇതിനായി ഐ.കെ.എം.വികസിപ്പിച്ചെടുത്ത "സചിത്ര "സോഫ്റ്റ് വെയറിൽ സമയബന്ധിതമായി ആസ്തികൾ ചേർത്ത് മൂല്യം തിട്ടപ്പെടുത്തുന്നതിന് ഒരു എൻട്രിക്ക് 5/- രൂപ നിരക്കിൽ ആളുകളെ നിയമിക്കാനും അനുമതി നൽകിയിരുന്നു.(സ .ഉ.(കൈ) നം.167/2016/തസ്വഭവ തീയതി 14.11.2016)

മുൻപ് ഗ്രാമപഞ്ചായത്തുകളായിരുന്ന പാനൂർ, പെരിങ്ങളം, കരിയാട് എന്നീ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധമായ വിവരങ്ങൾ ചേർത്ത് ഡിജിറ്റലൈസ് ചെയ്ത ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഹാജരാക്കിയ ആസ്തി രജിസ്റ്റർ 1995ലെ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ആണ്. ആയതിന് 2008 ൽ അപ്ഡേഷൻ വരുത്തിയിട്ടുണ്ട്. എന്നാൽ പിന്നീട് അപ്ഡേഷൻ വരുത്തിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നഗരസഭയുടെ ശ്രദ്ധ പതിയണമെന്നും ആസ്തികളുടെ ശരിയായ സൂക്ഷിപ്പും പരിപാലനവും ഉറപ്പു വരുത്തണമെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-53 സുഭിക്ഷ കേരളം കുടുംബശ്രീ കിഴങ്ങ് വർഗ്ഗ കൃഷിക്ക് ആനുകൂല്യം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക 51000 /- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |
| പ്രോജക്ട് നമ്പർ, പേര് | 299/21 സുഭിക്ഷ കേരളം കുടുംബശ്രീ കിഴങ്ങ് വർഗ്ഗ കൃഷിക്ക് ആനുകൂല്യം |

| | |
|---|---|
| അടങ്കൽ | ₹120000 വികസന ഫണ്ട്<br>₹120000 ഗുണഭോക്തൃ വിഹിതം |
| ആകെ അടങ്കൽ | ₹240000 |
| ചെലവ് | ₹51000 |
| ബിൽ നമ്പർ,തീയതി | 38/20-21,23.2.21 ₹9000<br>39/20-21, 23.2.21 ₹12000<br>40/ 20-21, 23.2.21 ₹7200<br>45/ 20-21, 20.3.21 ₹22800 |

ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേന തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകുന്നതാണ് പ്രോജക്ട്. മേൽ പ്രോജക്ട് പ്രകാരം കൃഷിഭവനുകളിൽ നിന്നും താഴെ പറയും പ്രകാരം കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

| കൃഷി ഭവൻ | അനുവദിച്ച തുക | തുക അനുവദിച്ച കുടുംബശ്രീ ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|
| കരിയാട് | 31800 | 14 |
| പാനൂർ | 12000 | 8 |
| പെരിങ്ങളം | 7200 | 5 |
| ആകെ | 51000 | 27 |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

പ്രോജക്ട് പ്രകാരം തെരഞ്ഞെടുത്ത മേൽ പറഞ്ഞ ഗ്രൂപ്പുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമല്ല. ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിലേക്കാണ് ആനുകൂല്യം നൽകിയത്. എന്നാൽ ഗ്രൂപ്പുകളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സുഭിക്ഷകേരളം പദ്ധതി പ്രകാരം മരച്ചീനിയും മറ്റ് കിഴങ്ങു വർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിന് ഹെക്ടറിന് പരമാവധി 20000രൂപ ധനസഹായം നൽകാവുന്നതാണ് (സ.ഉ(സാധാ)നമ്പർ.1009/2020/തസ്വഭവ തീയതി-29.5.2020(ഖ.2.3). കൃഷിഭവൻ മുഖേന തെരഞ്ഞെടുത്ത കർഷകരുടെ അപേക്ഷകൾ, കൃഷിയുടേതുമായി ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ സ്ഥല വിസ്തൃതിക്ക് ആനുപാതികമായി തന്നെയാണ് ആനുകൂല്യം നൽകിയതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ51/23.7.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹51000 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-54 സുഭിക്ഷ കേരളം കുടുംബശ്രീ കിഴങ്ങ് വർഗ്ഗ കൃഷിക്ക് ആനുകൂല്യം-രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹101360 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 296/21 സുഭിക്ഷകേരളം കുടുംബശ്രീ കിഴങ്ങ് വർഗ്ഗ കൃഷിക്ക് ആനുകൂല്യം |
| അടങ്കൽ | ₹400000 തനത് ഫണ്ട്<br>₹400000 ഗുണഭോക്തൃ വിഹിതം |
| ആകെ അടങ്കൽ | ₹800000 |
| ചെലവ് | ₹101360 തനത് ഫണ്ട് |
| ബിൽ നമ്പർ,തീയതി | 8/20-21,1.2.21 ₹72000<br>9/20-21,12.2.21 ₹6160<br>13/20-21,24.2.21 ₹7200<br>14/20-21,24.2.21 ₹10000<br>16/20-21,5.3.21 ₹6000 |

ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേന തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. മേൽ പ്രോജക്ട് പ്രകാരം കരിയാട് കൃഷിഭവനിൽ നിന്നും 53 ഗുണഭോക്താക്കൾക്ക് ₹85200ഉം പെരിങ്ങളം കൃഷിഭവനിൽ നിന്നും 5 ഗുണഭോക്താക്കൾക്ക് ₹6160യും പാനൂർ കൃഷിഭവനിൽ നിന്നും 18 ഗുണഭോക്താക്കൾക്ക് ₹10000 യും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്കാണ് സബ്സിഡി തുക അനുവദിച്ചത്.

